# 14

# ബന്ധങ്ങളിലെ ഉത്തരവാദിത്വങ്ങൾ

## കൊലൊസ്യർ 3:18– 4:1

3:18–4:1 ലെ ഭവന ബന്ധങ്ങളെ കുറിച്ചുള്ള അവന്റെ ചർച്ചയിൽ, വിവിധ കൂട്ടങ്ങളോട് നിർദ്ദേശങ്ങളും ചുരുങ്ങിയ വിശദീകരണങ്ങളും നൽകിയിരിക്കുന്നു.[1] കീഴടങ്ങിയിരിക്കേണ്ടതായ മൂന്നു കൂട്ടങ്ങളെ അവൻ അവിടെ പറയുന്നു:ഭാര്യമാർ (3:18), മക്കൾ (3:20), ദാസന്മാർ (3:22–25). അവരുടെ കരുതലിൽ വരുന്ന മൂന്നു കൂട്ടം ആളുകളുടെ ഉത്തരവാദിത്തങ്ങളെ കുറിച്ചും പറയുന്നു:ഭർത്താക്കന്മാരോട് തങ്ങളുടെ ഭാര്യമാരെ "സ്നേഹിപ്പാൻ" ആജ്ഞാപിച്ചിരിക്കുന്നു (3:19); പിതാക്കന്മരോട് പറഞ്ഞത്, "നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്" (3:21); യജമാനന്മാരോട് കൽപിച്ചത് അവരുടെ ദാസന്മാരോട് "ന്യായവും ... നീതിയും" പ്രവർത്തിപ്പിൻ എന്നാണ് (4:1).

ഭർത്താക്കന്മാരും, അപ്പന്മാരും, യജമാനന്മാരും, തങ്ങളുടെ അധികാരം ഒരിക്കലും ദുർവ്വിനിയോഗം ചെയ്യുവാൻ പാടില്ല, മറിച്ച് അവരുടെ കീഴിലുള്ളവർക്ക് നന്മ ചെയ്യുവാനാണ് അവരെ നിയോഗിച്ചിരിക്കുന്നത്. ദാസന്മാരെ കുടുംബപരമായ ഉത്തരവാദിത്തങ്ങളോടു ബന്ധപ്പെടുത്തി പറയുവാൻ കാരണം അന്ന് ദാസന്മാരെ കുടുംബജോലിക്കായി എടുത്തിരുന്നു.

പൗലൊസ് പറഞ്ഞ ആ നിലവാരമനുസരിച്ച്, അധികാരത്തിലിരിക്കുന്നവരുടെ കടമയാണ് അവരുടെ കീഴിലുള്ളവർക്ക് നന്മ ചെയ്യുക എന്നത്, അവർ തിരിച്ച് അധികാരത്തിലിരിക്കുന്നവരെ ബഹുമാനിക്കയും ചെയ്യണം. ഒരു കൂട്ടരും മറ്റൊരു കൂട്ടരുടെ വികാരത്തെയോ ആവശ്യത്തെയോ കാണാതിരിക്കരുത്. ഓരോ ബന്ധത്തിനും രണ്ടു തരത്തിലുള്ള ഉത്തരവാദിത്തങ്ങളാണുള്ളത്. ആദ്യത്തേതും, ഏറ്റവും ഉയർന്നതുമായ ഉത്തരവാദിത്തം യേശുവിനോടാണ്, അടുത്ത ഉത്തരവാദിത്തം അന്യോന്യമുള്ളതാണ്. പ്രാഥമികമായ ലക്ഷ്യം ക്രിസ്തുവിനെ പ്രസാദിപ്പിക്കുക എന്നതാണ്; മറ്റുള്ളവരെ പ്രസാദിപ്പിക്കുക എന്നത് രണ്ടാമത്തെ ലക്ഷ്യമാണ്.

1 പത്രൊസ് 2:13–3:7 ൽ പത്രൊസ് കീഴ്പ്പെടലിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ, അധികാരികൾക്കും ഭരണാധികാരികൾക്കും ക്രിസ്ത്യാനികൾ കീഴടങ്ങിയിരിക്കട്ടെ എന്നാണ് ആദ്യം പറഞ്ഞിരിക്കുന്നത് (2:13–16). ഏതു തരത്തിലുള്ള പെരുമാറ്റത്തോടും യേശുവിന്റെ അനുയായികൾ കീഴ്പ്പെട്ടിരിക്കണം, യേശു സഹിച്ചതുപോലെ നാമും സഹിക്കണം (2:17–25). തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുവാനാണ് ക്രിസ്തീയ ഭാര്യമാരോട് പറഞ്ഞിരിക്കുന്നത്, അവിശ്വാസികളായ ഭർത്താക്കന്മാർക്കും കീഴടങ്ങിയിരിക്കണം (3:1–6). ഗവൺമെന്റിനു കീഴ്പ്പെടുന്നതുപോലെയല്ല, ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കേണ്ടത്. മറിച്ച്, ഭാര്യ ഭർത്താവിനോടുള്ള സ്നേഹവും ഊഷ്മളമായ ബന്ധവുമനുസരിച്ചാണ് കീഴ്പ്പെട്ടിരിക്കുന്നത്.

വിവിധമായ ഈ ഏർപ്പാടുകളിലെല്ലാം നമ്മുടെ ശരിയായ മാതൃക യേശുവാണ്. സ്വർഗീയ പിതാവിന്റെ അനുസരണമുള്ള പുത്രനായിരുന്നു അവൻ (ഫിലി. 2:8; എബ്രാ. 5:8; 10:9), അങ്ങനെ മക്കൾക്ക് അനുസരിക്കുവാനുള്ള

യഥാർത്ഥ മാതൃകയുമായി. യുവാവായപ്പോഴും അവൻ അമ്മയപ്പന്മാരെ അനുസരിച്ചിരുന്നു. ഈ കാര്യത്തിൽ ചെറിയവൻ വലിയവന്നു കീഴടങ്ങിയിരിക്കണം; അവർക്ക് ഉയർന്ന കഴിവുകളുണ്ടെങ്കിലും, മക്കളും, ഭാര്യമാരും ദാസന്മാരും കീഴ്പ്പെടുക തന്നെ വേണം. യേശു മരണവേദനയിലായിരുന്നിട്ടുപോലും യേശു അമ്മയെ കുറിച്ചു കരുതിയിരുന്നു. ഈ കരുതൽ മക്കൾക്ക് മാതാപിതാക്കന്മാരെ കരുതുവാനും അവർക്ക് ആവശ്യമുള്ളതു നൽകുവാനും, ഭർത്താക്കന്മാർക്ക് ഭാര്യമാരെ സ്നേഹിച്ച് അവരെ കരുതുവാനും ഉള്ള ഒരു മാതൃകയാണ്. ഒരു യജമാനന് എങ്ങനെ ദാസന്മാരെ സേവിക്കാമെന്ന്, ശിഷ്യന്മാരുടെ കാലുകൾ കഴുകി യേശു കാണിച്ചു തന്നിരിക്കുന്നു. യേശു പറഞ്ഞു "ഞാൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂശ ചെയ്‌വാനത്രെ വന്നത്" (മത്താ. 20:28), അത് ദാസന്മാർക്കും, അമ്മയപ്പന്മാർക്കും, മക്കൾക്കും ഒരു മാതൃക തന്നെയാണ്.

3:17 അനുസരിച്ച്, എല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്യേണ്ടതിനാൽ, ക്രിസ്തുവിനോട് യോജിക്കുവാനാണ് പൗലൊസ് അപേക്ഷിച്ചത്. കൊലൊസ്യരുടെ പ്രതികരണം "കർത്താവിന്നു ഉചിതമാം വണ്ണവും" (3:18) "കർത്താവിനെ ന-ന്നായി പ്രസാദിപ്പിക്കത്തക്കവണ്ണവും" ആയിരിക്കണം (3:20). അവർ കർത്താവിനെ ഭയപ്പെടുകയും (3:22), എല്ലാം "കർത്താവിന്ന്" എന്നപോലെ ചെയ്യുകയും വേണമായിരുന്നു (3:23), അവർക്കും "ഒരു യജമാനൻ" (*കുറിയോസ്*, "കർത്താവ്") സ്വർഗത്തിൽ ഉണ്ടെന്ന് അവർ ഓർക്കണമായിരുന്നു (4:1). അവരുടെ പ്രതിഫലമായാലും ശിക്ഷയായാലും അത് കർത്താവിൽനിന്നാണ് വരുന്നതെന്ന് അവർ തിരിച്ചറിയണമായിരുന്നു (3:24, 25).

ഭാര്യമാർ "സകലത്തിലും" തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം (എഫെ. 5:24). അതിൽനിന്നു വ്യത്യസ്തമായി ദാസന്മാരോട് പറഞ്ഞിരിക്കുന്നത് കീഴ്പ്പെടുവാനും അനുസരിക്കുവാനുമാണ് (തിത്തൊ. 2:9; 1 പത്രൊ. 2:18). അമ്മയപ്പന്മാരും മക്കളും, യജമാനന്മാരും ദാസന്മാരും തമ്മിലുള്ള ബന്ധത്തേക്കാൾ പ്രത്യേക ബന്ധത്തെ കാണിച്ചുകൊണ്ടാണ് ഭാര്യമാരോട് സകലത്തിലും തങ്ങളുടെ ഭർത്താക്കന്മാർക്ക് "കീഴടങ്ങിയിരിപ്പാൻ" പറഞ്ഞിരിക്കുന്നത് (3:20 ന്റെ ചർച്ച നോക്കുക). ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ ബഹുമാനിച്ച് അവർക്ക് സകലത്തിലും കീഴ്പ്പെട്ടിരിക്കുവാൻ പറഞ്ഞിരിക്കുമ്പോൾ, മക്കളും ദാസന്മാരും "സകലത്തിലും" ബഹുമാനത്തോടെ അനുസരിക്കുവാൻ പറഞ്ഞിരിക്കുന്നു (എഫെ. 6:1, 5; കൊലൊ. 3:20, 22).

"കീഴടങ്ങിയിരിക്കുവാൻ," അല്ലെങ്കിൽ "കീഴ്പ്പെട്ടിരിപ്പിൻ" (*ഹുപോടാസോ*) എന്നു പറഞ്ഞിരിക്കുന്നത് ഭാര്യമാരോട് മാത്രമല്ല. പുതിയ നിയമത്തിൽ ആ വാക്ക് ഏതെല്ലാം വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്നു നമുക്ക് നോക്കാം:

ലൂക്കൊസ് 2:51–യേശു അമ്മയപ്പന്മാർക്ക് കീഴ്പ്പെട്ടിരുന്നു.
ലൂക്കൊസ് 10:17–ഭൂതങ്ങൾ എഴുപതുപേർക്ക് കീഴ്പ്പെട്ടു, അവയെ പുറത്താക്കുവാൻ യേശു അവർക്ക് അധികാരം കൊടുത്തിരുന്നു.
റോമർ 10:3–യെഹൂദന്മാർ ദൈവനീതിക്ക് കീഴ്പ്പെട്ടില്ല.
റോമർ 13:1, 5–ക്രിസ്ത്യാനികൾ ഗവൺമെന്റിന് കീഴടങ്ങണം (തിത്തൊ. 3:1; 1 പത്രൊ. 2:13).

1 കൊരിന്ത്യർ 14:32-പ്രവാചകന്മാരുടെ ആത്മാക്കൾ അവർക്ക് കീഴ്പ്പെട്ടിരുന്നു.
1 കൊരിന്ത്യർ 14:34-ന്യായപ്രമാണവും പറയുന്നതുപോലെ സ്ത്രീകളും കീഴ്പ്പെട്ടിരിക്കേണം.
1 കൊരിന്ത്യർ 15:27-സകലവും യേശുവിന്നു കീഴ്പ്പെട്ടിരിക്കുന്നു.
എഫെസ്യർ 5:21-ക്രിസ്ത്യാനികൾ അന്യോന്യം കീഴ്പ്പെട്ടിരിക്കണം.
എഫെസ്യർ 5:24-സഭ ക്രിസ്തുവിന്നു കീഴ്പ്പെട്ടിരിക്കുന്നു.
ഫിലിപ്പിയർ 3:21-സകലത്തെയും തനിക്ക് കീഴ്പ്പെടുത്തുവാൻ യേശുവിനു കഴിയും
തിത്തൊസ് 2:9-ദാസന്മാർ അവരുടെ യജമാനന്മാർക്ക് കീഴടങ്ങണം (1 പത്രൊ. 2:18).
എബ്രായർ 12:9-ക്രിസ്ത്യാനികൾ ദൈവത്തിനു കീഴ്പ്പെടണം.
1 പത്രൊസ് 3:22-ദൂതന്മാരും അധികാരങ്ങളും യേശുവിന് കീഴ്പ്പെടുന്നു.
1 പത്രൊസ് 5:5-യുവ ക്രിസ്ത്യാനികൾ പ്രായമുള്ളവർക്ക് കീഴടങ്ങണം.

ദൈവ ദൃഷ്ടിയിൽ ആത്മിയമായ തുല്യത (ഗലാ. 3:28) എല്ലാ ബന്ധങ്ങളിലും തുല്യമായിരിക്കണമെന്ന് ക്രിസ്ത്യാനികൾ വിചാരിക്കരുത്. യജമാനൻ ദാസനോടോ, അമ്മയപ്പന്മാർ മക്കൾക്കോ അല്ലെങ്കിൽ ഭർത്താക്കന്മാർ ഭാര്യമാർക്കോ കീഴ്പ്പെടേണ്ടതില്ല. മറിച്ച് ഓരോന്നിലും തിരിച്ചാണ് യേശു പ്രതീക്ഷിക്കുന്നത്. അവനെ പ്രസാദിപ്പിക്കുന്നവർ അവൻ നിശ്ചയിച്ച ക്രമത്തെ മാനിക്കും.

3:12-14 ൽ വ്യക്തിപരമമായ ഗുണങ്ങൾക്ക് അടിസ്ഥാനം നൽകിയിരിക്കയാൽ, പൗലൊസ് അടുത്തതായി കൊലൊസ്യർക്ക് അവരുടെ ദൈന-ന്തിന ബന്ധങ്ങൾ കുടുംബപരമായി എങ്ങനെയായിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അവർ ഓരോന്നും "കർത്താവായ യേശുവിന്റെ നാമത്തിൽ" ചെയ്യണം (3:17), അതായത്, അവന്റെ ഇഷ്ടം അനുസരിച്ച്.

കോപം, ക്രോധം, ഈർഷ്യ, ദൂഷണം, ദുർഭാഷണം, ഭോഷ്ക്ക് എന്നിവ ഒഴിവാക്കുകയാണെങ്കിൽ, കുടുംബബന്ധം ഇരട്ടി അനുഗ്രഹമുള്ളതായി തീരും (3:8, 9). കുടുംബം സന്തോഷകരമായി തീരുവാൻ ഈ ദുർഗുണങ്ങളെല്ലാം ഉപേക്ഷിച്ചാൽ മാത്രം പോരാ, ചില നല്ല ഗുണങ്ങൾ നമ്മിൽ ഉണ്ടാകുകയും വേണം-മനസലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ, സഹിഷ്ണുത, ക്ഷമ, സ്നേഹം എന്നിവയാണ് അവ (3:12-14). അവസാനം പറഞ്ഞ ഗുണമായ സ്നേഹമാണ് കുടുംബത്തെ നിഷേധങ്ങളെ ഒഴിവാക്കി ക്രിയാത്മകത വളർത്തി യോജിപ്പിൽ നിലനിർത്തുന്നത്.

## ഭാര്യമാർ ഭർത്താക്കന്മാരോട് (3:18)

**[18]"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ"**

**"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ" (3:18)**

സ്ത്രീകൾ "സകലത്തിലും" തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങണം (എഫെ. 5:24). [തങ്ങളുടെ] **ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ** എന്നാണ് പ

ൗലൊസ് പറഞ്ഞത്. ഉപയോഗിച്ചിരിക്കുന്ന വ്യാകരണം വ്യക്തമാക്കുന്നത് ഭാര്യമാർ തുടർച്ചയായി തങ്ങളുടെ ഭർത്താക്കന്മാർക്ക് **കീഴടങ്ങിയിരിക്കണം** എന്നാണ്. ഭാര്യമാർ (*ഹുപോടാസെസ്തെ*, *ഹുപോടാസോയ*ിൽനിന്നാണ്). റോബർട്ട് ജി. ബ്രാച്ചറും യൂജീൻ ഏ. നിഡയും *ഹുപോടാസോ* ക്ക് ഈ നിർവ്വചനം നൽകിയിരിക്കുന്നു:

> സൈന്യത്തിൽ മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സൈനിക വാക്കാണ് [അത്]. എഫെ. 5:22 ലും, തിത്തൊ. 2:5 ലും പറഞ്ഞ ഭാര്യമാർക്ക് അവരുടെ ഭർത്താക്കന്മാരോടുള്ള ബന്ധം പോലെയാണ്, 1 പത്രൊ. 3:1 ൽ പറഞ്ഞിരിക്കുന്നതും ദാസന്മാർക്ക് യജമാനന്മാരോടുള്ള ബന്ധവും അതുപോലെ തന്നെയാണ്. തിത്തൊ. 2:9 ലും, 1 പത്രൊ. 2:13 ലും, റോമർ 13:1 ലും, ആളുകൾ അധികാരങ്ങൾക്ക് കീഴടങ്ങിയിരിക്കണം എന്നു പറഞ്ഞിരിക്കുന്നതും അതുപോലെ തന്നെയാണ്.[2]

3:18-ൽ പറഞ്ഞിരിക്കുന്നത് ലൈംഗിക കീഴ്പ്പെടൽ മാത്രമായി തെറ്റിദ്ധരിക്കരുത്. അതും അതിൽ ഉൾപ്പെടുന്നുണ്ടെങ്കിലും, മറ്റു "കീഴ്പ്പെടലുകൾ" മാറ്റി നിർത്തുന്നില്ല. ഭാര്യയും ഭർത്താവും തമ്മിലുള്ള ലൈംഗിക ബന്ധത്തെ കുറിച്ച് മറ്റൊരു ഭാഗത്ത് പൗലൊസ് പറഞ്ഞിട്ടുണ്ട് (1 കൊ. 7:3-5).

തന്റെ ഭർത്താവിന്റെ ഇഷ്ടത്തിന് ഭാര്യ സ്വയമായി കീഴ്പ്പെടണം എന്നാണ് ബൈബിൾ ഉദാഹരണങ്ങളും ചിത്രീകരണങ്ങളും വ്യക്തമാക്കുന്നത്. ക്രിസ്തീയ സ്ത്രീകൾക്ക് അനുകരിക്കാവുന്ന ഒരു മാതൃകയായി സാറായെ പത്രൊസ് 1 പത്രൊസ് 3:5, 6-ൽ പറഞ്ഞിരിക്കുന്നു, അവൾ ഭർത്താവിന്നു പൂർണ്ണമായും കീഴ്പ്പെട്ടിരുന്നു. അവൾ അബ്രഹാമിനെ "യജമാനൻ" എന്നു വിളിച്ചാണ് "അനുസരിച്ചത്." "അനുസരിക്കുക" എന്ന വാക്ക് *ഹുപാകൗവാ* യിൽനിന്നുള്ളത് ഒരിക്കലും മക്കൾ അമ്മയപ്പന്മാരെ "അനുസരിക്കുന്നതു" പോലെയോ ദാസന്മാർ യജമാനന്മാരെ "അനുസരിക്കുന്നതു" പോലെയോ ഉള്ള അനുസരണമല്ല.

മറ്റു ചില വേദഭാഗങ്ങൾ കൂടെ നമുക്ക് നോക്കാം. എഫെസ്യർ 5:22-24 പറയുന്നു,

> ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ.ക്രിസ്തു ശരീരത്തിന്റെ തലയായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു ... എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം.

തിത്തൊസ് 2:5 പറയുന്നത്, "ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു ഭാര്യമാർ തങ്ങളുടെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങണം" എന്നാണ്. അതുപോലെ, പത്രൊസ് എഴുതി, "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ ... 'പിന്നെ' ... ഇങ്ങനെയല്ലൊ പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്" (1 പത്രൊ. 3:1, 5).

സ്ത്രീകൾക്ക് വലിയ സ്വാതന്ത്ര്യം കൊടുക്കയും അവരുടെ ഭർത്താക്കന്മാർ അവരെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ഉള്ള നിലവാരമാണ് യേശു ഉയർത്തിയത്. കുടുംബത്തിന്റെ ആവശ്യങ്ങൾ കരുതലോടെ നിറവറ്റേണ്ടത് ഭാര്യമാരായിരുന്നില്ല, മറിച്ച് അത് ഭർത്താക്കന്മാരുടെ ചുമതലയായിരുന്നു. ആ ഭാരം അവരിൽ വെക്കാതിരിക്കുന്നതിനു ക്രിസ്തീയ സ്ത്രീകൾ ഭർത്താക്കന്മാരോട് നന്ദിയുള്ളവരായിരിക്കണം. ഭർത്താക്കന്മാരിൽ നിക്ഷിപ്തമായ കുടുംബാംഗങ്ങളുടെ ആവശ്യങ്ങളെ കുറിച്ചുള്ള കരുതൽ ഭാര്യമാർ ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഭർത്താക്കന്മാരോടുള്ള അനുമോദനത്താൽ, അവർ എതിർപ്പ് പ്രകടിപ്പിക്കുകയോ, തല ഉയർത്തിപ്പിടിക്കുവാനോ, ഭർത്താവിനേക്കാൾ കഴിവ് തനിക്കുണ്ടെന്ന് ഭാവിക്കയോ ചെയ്യരുത്.

### "കർത്താവിന്നു ഉചിതമാകുംവണ്ണം" (3:18)

കർത്താവിന്നു ഉചിതമാകുംവണ്ണം എന്ന പ്രയോഗം സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കേണ്ട ആവശ്യത്തെ ബോധ്യപ്പെടുത്തുന്നതാണ്. ക്രിസ്തീയ സ്ത്രീകൾക്ക് അവരുടെ കീഴടങ്ങൽ തികച്ചും ഉചിതം തന്നെയാണ്. അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ ആവശ്യങ്ങളോട് യോജിക്കണം, പക്ഷെ ആ ആവശ്യങ്ങൾ യേശുവിന്റെ ഹിതത്തിനു വിരുദ്ധവുമായിരിക്കരുത്. അങ്ങനെയായാൽ അത് "ഉചിതം" (*അനെകെൻ*) ആയിരിക്കുകയില്ല. കർത്താവിന്റെ സന്നിധിയിൽ ശരിയായിരിക്കണം എന്നർത്ഥം. ശരിയല്ലാത്ത സംസാരത്തെ കുറിച്ച് പറയുമ്പോൾ എഫെസ്യർ 5:4 ൽ പൗലൊസ് ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്, തന്റെ ആവശ്യം നിറവേറ്റുവാൻ ഫിലെമോനിലുള്ള അവന്റെ ആത്മവിശ്വാസത്തെ പ്രകടിക്കുമ്പോഴും പറഞ്ഞിരിക്കുന്നു (ഫിലെ. 8, 9).

"കർത്താവിൽ" പരിമിതപ്പെടുത്തിയിരിക്കുന്ന "സകലത്തിലും" എന്നാണ് പൗലൊസ് എഫെസ്യർ 5:24-ൽ "സകലത്തിലും" എന്ന വാക്ക് അർത്ഥമാക്കുന്നത്. ദൈവഹിതം ലംഘിക്കുവാനായി ഒരു ഭാര്യയോട് ഭർത്താവ് ആവശ്യപ്പെട്ടാൽ, അവൾ അവനെയല്ല, ദൈവത്തെയാണ് അനുസരിക്കേണ്ടത് (പ്രവൃ. 5:29). അവൾ കീഴ്പ്പെട്ടിരിക്കുവാൻ കടപ്പെട്ടിരിക്കുന്നത് "കർത്താവിൽ" ഉള്ള ജീവിതമനുസരിച്ചാണ്.

സ്വയമായി കീഴ്പ്പെടുന്ന മനോഭാവത്തിലായിരിക്കണം ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരോട് പ്രതികരിക്കേണ്ടത്. കൈപ്പ്, വെറുപ്പ്, വിദ്വേഷമോ വെച്ചുകൊണ്ടുള്ള കീഴ്പ്പെടൽ "ഉചിതം" അല്ല. ഒരു ഭാര്യ തന്റെ ഭർത്താവിനോട് 3:8, 9 ൽ പറഞ്ഞ ദുർഗുണങ്ങളെല്ലാം പ്രകടിപ്പിക്കുവാൻ പാടില്ല. പകരം, അവളുടെ സ്വഭാവത്തിൽ 3:12-14 ൽ പറഞ്ഞ നല്ല ഗുണങ്ങൾ പ്രകടമാക്കുകയും വേണം. യേശുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവരിൽ ഉണ്ടാകേണ്ട സ്വഭാവമാണ് അവ. അവൾ അങ്ങനെ ചെയ്യുമ്പോൾ, സ്വർഗസ്ഥനായ പിതാവിന്നു കീഴ്പ്പെട്ട് അനുസരിച്ച ക്രിസ്തുവിന്റെ മനോഭാവത്തെയാണ് അവൾ പ്രകടിപ്പിക്കുന്നത് (ഫിലി. 2:8; എബ്രാ. 5:8). മറിച്ചുള്ള പ്രതികരണം സ്നേഹമുള്ള ക്രിസ്തീയ ഭാര്യക്ക് യോജിച്ചതല്ല.

അവിശ്വാസിയായ ഭർത്താവിനോട് വിശ്വാസിയായ ഭാര്യയുടെ ഉത്തരവാദിത്തത്തെ കുറിച്ച് പൗലൊസ് ഈ വേദഭാഗത്ത് പറഞ്ഞിട്ടില്ല. ഭാര്യമാർക്ക് ഇവിടെ കൊടുത്ത നിർദ്ദേശങ്ങൾ 1 കൊരിന്ത്യർ 7:12-16 ലും 1 പത്രൊസ് 3:1-6 ലും ഉൾപ്പെടുത്തിയിട്ടുണ്ട്. അവിശ്വാസികളായ ഭർത്താക്കന്മാരുള്ളവരോട് പറഞ്ഞു, "... ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ.

അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം, ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ചേർന്നു വരുവാൻ ഇടയാകും" (1 പത്രൊ. 3:1, 2).

### ഭർത്താക്കന്മാർ ഭാര്യമാരോട് (3:19)

**[19]ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.**

**"ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അവരോട് കൈപ്പായിരിക്കയുമരുത്" (3:19)**

ഭർത്താവ് മനസലിവും സ്നേഹവുമുള്ളവനാണെങ്കിൽ ഭാര്യക്ക് കീഴ്പ്പെടുവാനുള്ള പങ്ക് നിർവ്വഹിക്കുക എളുപ്പമായിരിക്കും. ഭർത്താക്കന്മാർ ഭാര്യമാരോട് ഇടപെടുന്നത് സ്നേഹത്താലായിരിക്കണം. **സ്നേഹം** (*അഗാപയോ*; വർത്തമാനകാല ആജ്ഞാരൂപമാണ്) ഭാര്യയോടുള്ള ബന്ധത്തിൽ ഭർത്താവ് സൂക്ഷിക്കേണ്ട സ്വഭാവമാണ്. അവൻ അവളോട് **കൈപ്പായി** ഇരിക്കരുത്. "കൈപ്പായിരിക്കുക" എന്ന ക്രിയ തർജിമ ചെയ്തിരിക്കുന്നത് (*പിക്രായിനോ*) പുതിയനിയമത്തിൽ മറ്റൊരു ഭാഗത്തു കാണുന്നത് വെളിപ്പാട് പുസ്തകത്തിലാണ് (8:11; 10:9, 10).

വിവാഹത്തിനു മുൻപുള്ള സ്നേഹം വിവാഹം കഴിഞ്ഞ ശേഷവും തുടരണം. വിവാഹ ശുശ്രൂഷ ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹത്തിന്റെ അവസാനമല്ല. ആ പ്രയോഗം, "പുരുഷന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" എന്നും തർജിമ ചെയ്യാവുന്നതാണ്. **ഭർത്താക്കന്മാർ** എന്നതിന്റെ ഗ്രീക്ക് വാക്ക് *ആൻഡ്രെസ്* സൂചിപ്പിക്കുന്നത് ഒന്നുകിൽ "പുരുഷന്മാർ," അല്ലെങ്കിൽ "ഭർത്താക്കന്മാർ" എന്നാണ്; **ഭാര്യമാർ** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഗുനൈക്കെസ്*, സൂചിപ്പിക്കുന്നത് ഒന്നുകിൽ "സ്ത്രീകൾ," അല്ലെങ്കിൽ "ഭാര്യമാർ" എന്നാണ്. ആ വാക്കുകൾ എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്നത് സന്ദർഭമാണ് വ്യക്തമാക്കുന്നത്. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം എന്നതാണ് ഇവിടത്തെ അർത്ഥം.

ഇവിടെയും എഫെസ്യർ 5:25 ലും പൗലൊസ് എഴുതിയതുപോലെ, ഭാര്യ-ഭർത്തൃ ബന്ധത്തിൽ അവരെ ഭരിക്കുന്ന വികാരം ഭാര്യയെ ഭർത്താവ് "സ്നേഹിക്കുക" എന്നതാണ്. പുതിയ നിയമത്തിൽ ഭാര്യമാരോട് തങ്ങളുടെ ഭർത്താക്കന്മാരെ "സ്നേഹിക്കുവാൻ" (*അഗാപ്പെ*) പറഞ്ഞിട്ടില്ല. ഭർത്തൃ "പ്രിയരായിരിപ്പാൻ" പ്രായമായ സ്ത്രീകൾ യുവതികളായ സ്ത്രീകളെ പഠിപ്പിക്കുന്നതിന് തിത്തൊസ് 2:4-ൽ പറഞ്ഞിരിക്കുന്നു. അവിടെ ഉപയോഗിച്ചിരിക്കുന്ന സംയുക്ത വാക്ക് *ഫിലാൻഡ്രെസ്*, *ഫിലെയോ* ("സ്നേഹം") എന്നും *ആനെർ* ("ഭർത്താക്കന്മാർ") എന്നും ആണ്.

സ്നേഹം എങ്ങനെ പ്രവൃത്തിയിലേക്ക് നയിക്കുന്നു എന്നതിന് നല്ല ഒരു വിശദീകരണമാണ് 1 കൊരിന്ത്യർ 13:4-8 ൽ നൽകുന്നതു. അയവില്ലാത്ത മുഷ്ടിയുദ്ധത്തിൽ അടിച്ചമർത്തുന്ന ഭർത്താക്കന്മാർ ഇടക്കിടക്ക് ഈ വേദഭാഗം വായിച്ചാൽ അവർക്ക് എങ്ങനെ തങ്ങളുടെ ഭാര്യമാരോട് പെരുമാറണമെന്ന് മനസിലാകും.

ഒരു ഭർത്താവ് തന്റെ ഭാര്യയോട് കൈപ്പായിരിക്കുകയോ പ്രകോപിതനാകുകയോ ചെയ്യുമ്പോൾ, അയാൾ തന്റെ കോപവും നിരുൽസാഹവും അവളിൽ

അടിച്ചേൽപിക്കും. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ മനസിലാക്കുകയും, അവർ പുരുഷന്മാരേക്കാൾ ബലഹീനരാണെന്നു തിരിച്ചറിയുകയും വേണം എന്നു പത്രൊസ് വ്യക്തമാക്കിയിരിക്കുന്നു (1 പത്രൊ. 3:7).

സ്നേഹവും ദയവും കാണിക്കുമ്പോൾ പകരത്തിനു പകരം ചെയ്യുകയില്ല (റോമർ 12:17), അങ്ങനെ ഒരു ഭർത്താവിന് തന്റെ ഭാര്യയോട് യോജിച്ച സമാധാനബന്ധം പുലർത്തുവാൻ കഴിയും. തന്റെ ഭാര്യയുടെ ഹൃദയം മനസിലാക്കുവാൻ അയാൾ ശ്രമിക്കും. ഇരുവരും തങ്ങളുടെ വികാരങ്ങൾ അന്യോന്യം പ്രകടിപ്പിച്ച് അടുത്ത-ബന്ധത്തിൽ, നന്മയിലും ദയയിലും ഒരുമിച്ച് സ്നേഹിക്കും. 3:8, 9–ൽ പറഞ്ഞിരിക്കുന്ന പാപങ്ങളെ നീക്കുകയും, 3:12–14 ൽ പറഞ്ഞ ഗുണങ്ങളെ വളർത്തുകയും ചെയ്ത്, ഭാര്യയും ഭർത്താവും അത് പ്രായോഗികമാക്കും.

ഭർത്താവ് ഭാര്യയുടെ മേൽ ആധിപത്യം നടത്തുകയോ, ശഠിച്ച് കീഴ്പ്പെടുത്തുകയോ ചെയ്യരുത്. മറിച്ച്, അവനോട് പറഞ്ഞിരിക്കുന്നത് അവളെ സ്നേഹിക്കുവാനാണ്. യേശു സഭയെ സ്നേഹിച്ചതുപോലെ, സ്നേഹിച്ച് ഭർത്താവ് ഭാര്യയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കു വേണ്ടി ഏൽപിച്ചു കൊടുത്താൽ, അയാൾ തന്റെ ഭാര്യയുടെ സ്നേഹമുള്ള തലയായി തീരുകയും, ദൈവം ആകുവാൻ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഭാര്യ-ഭർത്തൃ ബന്ധം നയിക്കുവാൻ അവർക്ക് കഴിയുകയും ചെയ്യും (എഫെ. 5:25). സ്നേഹമാണ് ഭാര്യയെ ഒരു "വസ്തു" എന്ന നിലയിൽനിന്ന് ഒരു തക്കതായ തുണയാക്കി അവൾക്ക് ഒരു ഭർത്താവ് എന്ന നിലയിൽ ഏറ്റവും നല്ലത് നൽകുവാൻ പ്രേരിപ്പിക്കുന്നതും.

ഭാര്യ ഭർത്താവിന്റെ ലൈംഗികാസക്തി ശമിപ്പിക്കുവാൻ മാത്രമാണ് ഉദ്ദേശിച്ചതെങ്കിൽ, പൗലൊസ് *എരാവോ* എന്ന ഗ്രീക്കു വാക്ക് ആയിരിക്കും ഉപയോഗിച്ചിരിക്കുക ("ലൈംഗിക സ്നേഹത്തിന്" ഉള്ള വാക്ക്). പകരം അവൻ ഉപയോഗിച്ചത് *അഗാപയോ*, എന്ന ത്യാഗപൂർണ്ണവും, സ്വയം-നൽകുന്നതുമായ സ്നേഹമാണ്. ഇത് ഉദ്ദേശിക്കുന്നത്, ഭർത്താവിനെ നിയോഗിച്ചിരിക്കുന്നത് അയാളുടേതിനേക്കാൾ ഭാര്യയുടെ ക്ഷേമ-ത്തിനാണ് കരുതേണ്ടത് എന്നത്രെ.

## മക്കൾ അമ്മയപ്പന്മാരോട് (3:20)

**20 മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇത് കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലൊ.**

### "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ" (3:20)

**മക്കൾ** (*ടെക്നാ*) അർത്ഥം "സന്തതി" അല്ലെങ്കിൽ "പിൻഗാമികൾ." അത് "ശിശുക്കളെ" "കുട്ടികളെ" "ചെറിയ കുട്ടികളെ," അല്ല പ്രത്യേകമായി പറയുന്നത്. പ്രായമോ ലിംഗമോ ഇവിടെ പറയുന്നില്ല. വീട്ടിലുള്ള ഏതു പ്രായത്തിലുമുള്ള മക്കളെയാണ് പൗലൊസ് ഇവിടെ സ്പഷ്ടമായും പറയുന്നത്.

ദൈവ കൽപനകളെ ഉപയോഗിച്ചിരിക്കുന്ന പൗലൊസിന്റെ നിർവ്വചനത്തെകുറിച്ച് പീറ്റർ ടി. ഓബ്രിയെൻ പ്രധാനപ്പെട്ട ഒരു നിരീക്ഷണം നടത്തിയിരിക്കുന്നു. സ്ത്രീകളോടുള്ളതിനേക്കാൾ ശക്തമായ നിർദ്ദേശമാണ് മക്കളോടും ദാസന്മാരോടും കൽപ്പനയായി നൽകിയിരിക്കുന്നത്. സ്ത്രീകളോട് സ്വയമായി

കീഴ്പ്പെടുവാനാണ് കൽപിച്ചിരിക്കുന്നത്, എന്നാൽ "പൂർണ്ണാനുസരണമാണ്" മക്കളോടും ദാസന്മാരോടും കൽപിച്ചിരിക്കുന്നത്.[3]

മക്കൾ **സകലത്തിലും** [തങ്ങളുടെ] **അമ്മയപ്പന്മാരെ** [*ഗോനെയിസ്*] **അനുസരിക്കണം** എന്നാണ് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നത്. മക്കളോടും ദാസന്മാരോടുമുള്ള ഈ കൽപന പരിമിതിയില്ലാത്ത അല്ലെങ്കിൽ നിയന്ത്രണമില്ലാത്ത അനുസരണമായി കണക്കാക്കരുത്. "സകലത്തിലും" എന്നു പറഞ്ഞിരിക്കുന്നതിനർത്ഥം, "എല്ലാ നല്ല കാര്യത്തിലും" എന്നാണ്. അഭക്തരായ അമ്മയപ്പന്മാർ ആവശ്യപ്പെടുന്നതും, ദേശത്തിന്റെ നിയമം പറയുന്നതും തമ്മിൽ ഏറ്റുമട്ടലുകൾ വരുമ്പോൾ, മക്കൾ ഗവൺമെന്റ് നിയമം അനുസരിക്കണം (റോമർ 13:1–5; 1 പത്രൊ. 2:13). ഗവൺമെന്റിനോടുള്ളതിനേക്കാൾ ഉയർന്ന ഒരു കടമയുണ്ട്: ദൈവ നിയമങ്ങളോടുള്ള കടമ (പ്രവൃ. 4:19; 5:29).

അമ്മയപ്പന്മാർ പറയുന്നതിൽ മക്കൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാനല്ല ദൈവം പറഞ്ഞിരിക്കുന്നത്. മറിച്ച്, മക്കൾ അവരുടെ അമ്മയപ്പന്മാരുടെ ഇഷ്ടമാണ് പ്രവർത്തിക്കേണ്ടത്, അല്ലാതെ അവരുടെ വിവേചനപ്രകാരമോ ഇഛയനുസരിച്ചോ ചെയ്യേണ്ടതല്ല അനുസരണം. അതേ സമയം, ക്രിസ്തീയ മാതാപിതാക്കന്മാർക്ക് സ്വാർത്ഥ-രഹിതമായി മക്കളുടെ ക്ഷേമം മുൻനിർത്തിയായിരിക്കണം അവരോട് ആജ്ഞാപിക്കേണ്ടത്.

ഒരു നിയമമായി, മക്കൾ അമ്മയപ്പന്മാരെ അനുസരിക്കുമ്പോൾ, അവർ ദീർഘായുസ് അനുഭവിക്കുകയാണ്, കാരണം, പൊതുവിൽ, അവർ ആരോഗ്യകരമായ മനോഭാവവും, ജീവിതശൈലിയും വളർത്തിയെടുക്കുകയാണ്. പൗലൊസ് എഴുതി, "മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. അതു ന്യായമല്ലൊ. നിനക്ക് നന്മയുണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസോടിരിപ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപനയാകുന്നു" (എഫെ. 6:1–3). ബാല്യത്തിൽ അമ്മയപ്പന്മാരെ ബഹുമാനിച്ച് വളരുന്നവർ അധികവും ജയിലിലോ തടവിലോ പോകുവാനിടയാകുകയില്ല. അമ്മയപ്പന്മാരെ ബഹുമാനിക്കാത്തവർ സമൂഹത്തെയും അധികാരികളെയും ബഹുമാനിക്കുകയില്ല. വീടുകളിൽ ബഹുമാനമില്ലാതെ വളരുന്നവരുടെ സമൂഹമാണ് വഷളായി തീരുന്നത്. അധഃപ്പതിച്ച സമൂഹത്തിലെ മക്കളാണ് അമ്മയപ്പന്മാരെ ബഹുമാനിക്കാതെ, അനുസരിക്കാതെ ജീവിക്കുന്നതെന്നാണ് പൗലൊസ് എഴുതിയത് (റോമർ 1:28–32; 2 തിമൊ. 3:2–5).

ന്യായപ്രമാണത്തിൻ കീഴീൽ ജീവിച്ചിരുന്ന മക്കൾ അമ്മയപ്പന്മാരെ ബഹുമാനിച്ചിരുന്നു (പുറ. 20:12; ലേവ്യ. 19:3). അമ്മയപ്പന്മാരെ ശപിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലേണമായിരുന്നു (പുറ. 21:17; ലേവ്യ. 20:9; ആവ. 21:18-21). ശാസ്ത്രിമാരും പരീശന്മാരും ചില ചോദ്യങ്ങളുമായി വന്നപ്പോൾ യേശു ഉത്തരം നൽകിയപ്പോൾ ആ നിയമത്തെ എടുത്തു കാണിച്ചിരുന്നു (മത്താ. 15:4).

മക്കൾ ഇനി അവരുടെ അമ്മയപ്പന്മാരെ അനുസരിക്കണ്ട എന്നു വരുന്ന ഏതെങ്കിലും പ്രായമോ സാഹചര്യമോ ഉണ്ടോ? ബൈബിളിൽ ഒരു സ്ഥലത്തും അതിനുള്ള ഉത്തരമില്ല. "മക്കൾ" മാതാപിതാക്കളോടൊപ്പം അവരുടെ വീട്ടിൽ താമസിക്കുന്നേടത്തോളം അനുസരിക്കണമെന്നു പറയുന്നതു ശരി, പക്ഷെ അവർ വീട്ടിൽനിന്നു പുറത്തു കടന്നു സ്വന്തം കാലിൽ നിൽക്കുമ്പോഴോ, അപ്പോഴും അനുസരിക്കേണ്ടതായിട്ടുണ്ടോ? മക്കൾ മാതാപിതാക്കളോടൊപ്പം താമസിക്കുകയും സാമ്പത്തികമായി അവരുടെ ആശ്രയത്തിൽ കഴിയുന്ന

കാലത്തോളം അതാവശ്യമാണ്. അവർക്ക് സ്വന്തം നിലനിൽപും സ്വന്ത കുടുംബവുമാകുമ്പോൾ, അവരുടെ മാതാപിതാക്കളെ അനുസരിക്കണമെന്നില്ലെങ്കിലും, ഏതു പ്രായത്തിലും സാഹചര്യത്തിലും, മക്കൾ എപ്പോഴും അവരുടെ അമ്മയപ്പന്മാരെ ബഹുമാനിക്കണം.

**"ഇതു കർത്താവിന്നു പ്രസാദകരമല്ലൊ" (3:20)**

മക്കൾ അനുസരണമുള്ളവരായിരിക്കണം കാരണം അത് **കർത്താവിന്നു** പ്രസാദകരമാണ് (*എൻ കുരിയോ* അക്ഷരികമായി "കർത്താവിൽ"). മക്കൾ അമ്മയപ്പന്മാരെ അനുസരിക്കേണ്ടത് കർത്താവിന്നു യോജിക്കുന്ന വിധത്തിലായിരിക്കണം. മക്കളുടെ അന്തിമമായ ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം. ദൈവത്തെ അനുസരിക്കുവാൻ ശ്രമിക്കുന്നവർ ദൈവഭക്തരായ അമ്മയപ്പന്മാരെ അനുസരിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്യും.

## പിതാക്കന്മാർ മക്കളോട് (3:21)

**21പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന്നു അവരെ കോപിപ്പിക്കരുത്.**

**"പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന്നു അവരെ കോപിപ്പിക്കരുത്" (3:21)**

*പാറ്റെറെസ്* എന്ന വാക്ക് ഉപയോഗിച്ചതിനാൽ, സാധാരണ അർത്ഥം **പിതാക്കന്മാർ** എന്നാണ്, പൗലൊസ് ഇവിടെ അമ്മമാരെ ഒഴിവാക്കിയിരിക്കുകയാണോ, അതോ എബ്രായർ 11:23 ൽ തർജിമ ചെയ്തതുപോലെ, പൗലൊസ് രണ്ടുകൂട്ടരേയും ഉൾപ്പെടുത്തിയാണോ പറഞ്ഞിരിക്കുന്നത്? ഇവിടെ ചർച്ച ചെയ്യുന്നത് ഭർത്താക്കന്മാരെ കുറിച്ചായതിനാൽ അവൻ ഉദ്ദേശിച്ചത് അപ്പന്മാരെയായിരിക്കാം. എങ്ങനെയായാലും, മക്കളെ പരിശീലിപ്പിക്കുന്നത് അപ്പനും അമ്മയും ചേർന്നാണ്. അതുകൊണ്ടാണ് വാക്യം 20-ൽ പൗലൊസ് മക്കളോട് തങ്ങളുടെ അമ്മയപ്പന്മാരെ അനുസരിപ്പാൻ പറഞ്ഞിരിക്കുന്നത്.

മക്കൾ തങ്ങളുടെ അമ്മയപ്പന്മാരെ അനുസരിക്കണം, എന്നാൽ അപ്പൻ തിരിച്ച് മകനെ പ്രകോപിക്കുകയോ നിരുൽസാഹപ്പെടുത്തുകയോ ചെയ്യരുത്. **കോപിപ്പിക്കുക** (*എരെതിസോ*) അർത്ഥം "വെറുപ്പിക്കുക, പ്രകോപിപ്പിക്കുക, കൈപ്പായിരിക്കുക, നീരസമുള്ളവരായിരിക്കുക, വിഷമിപ്പിക്കുക." മറ്റൊരു പ്രാവശ്യം കൂടെ മാത്രമാണ് പൗലൊസ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്, അത് ക്രിയാത്മകമായി ഉത്തേജിപ്പിക്കുന്നതിനാണ് (2 കൊ. 9:2; "എരിവ്") കൊലൊസ്യർ 3:21 ൽ അമ്മയപ്പന്മാരെ രണ്ടുപേരെയും ഉൾപ്പെടുത്തിയല്ല പറയുന്നതെങ്കിലും, അമ്മമാർക്ക് മക്കളെ കോപിപ്പിക്കുവാൻ അവകാശമുണ്ടെന്ന് അന്തർലീനമാക്കിയിട്ടില്ല.

ഓരോ നിസാര തെറ്റിനും ശാസിക്കുകയും ശിക്ഷിക്കുകയും, കർശനമായ നിയന്ത്രണം നൽകിയും അപ്പന്മാർക്ക് കുട്ടികളെ കോപിപ്പിക്കുവാൻ കഴിയും. അവരെ സ്നേഹത്താലും ദയവിനാലും, ആണ് അച്ചടക്കം വരുത്തേണ്ടത്. അപ്പന്മാർ മക്കളെ തുടർച്ചയായി കുറ്റപ്പെടുത്തി, നീരസം പ്രകടിപ്പിച്ച്, അവരുടെ ദേഷ്യത്തെ ഇളക്കി വിടരുത്. മക്കളുടെ കഴിവിനെ തരംതാഴ്ത്തി കാണുകയോ, മറ്റുള്ളവരുമായി തുലനം ചെയ്യുകയോ, അവരെ മനസിലാക്കുവാൻ

ശ്രമിക്കാതിരിക്കുകയോ ചെയ്യുമ്പോൾ, അവർക്ക് നിരാശ അനുഭവപ്പെടും.

മക്കളെ പരിശീലിപ്പിക്കുവാനുള്ള ഉത്തരവാദിത്തം മുൻപ് ദൈവം അപ്പന്മാർക്കാണ് നൽകിയിരുന്നത്. ദൈവം അബ്രഹാമിനെ ഒരു പ്രത്യേക ദേശത്തിന്റെ പിതാവായി തിരഞ്ഞെടുത്തതു തന്നെ അവൻ തന്റെ മക്കളെ കർത്താവിന്റെ വഴി പഠിപ്പിക്കേണ്ടതിനായിരുന്നു (ഉല്. 18:19). തന്റെ മക്കൾ വഷളായി തീർന്നതിന്റെ ഉത്തരവാദിത്തം ഏലിയിലാണ് ദൈവം ചുമത്തിയത് (1 ശമു. 2:27–29; 3:13, 14). മക്കളെ "കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും" വളർത്തുവാനായിരുന്നു പൗലൊസ് അപ്പന്മാരോട് നിർദ്ദേശിച്ചത് (എഫെ. 6:4).

ഒരു കുട്ടിയെ വളർത്തുന്നതിനനുസരിച്ചാണ് അവൻ പിന്നീട് ജീവിക്കുന്നത്. തെറ്റു ചൂണ്ടിക്കാണിക്കുക എന്ന നിഷേധ സമീപനം ആവശ്യമാണ്, എന്നാൽ അതു മാത്രമായാൽ അത് കുട്ടികളെ നിരുൽസാഹപ്പെടുത്തും. ക്രിയാത്മകമായ നിർദ്ദേശങ്ങളും ശരിയായ ജീവിത മാതൃകയും അവർക്ക് നൽകണം. നല്ല അപ്പൻ മക്കളുടെ നല്ല പ്രവൃത്തികളെ അഭിനന്ദിച്ച് പ്രോൽസാഹിപ്പിക്കും.

അമ്മയപ്പന്മാർക്ക് തങ്ങളുടെ മക്കളെ നല്ല സ്വഭാവമുള്ളവരായി വളർത്തിയെടുക്കുവാൻ പറ്റിയ വിലയുള്ള നിർദ്ദേശങ്ങൾ സദൃശവാക്യങ്ങളിൽ കാണാം (13:24; 19:18; 22:6, 15; 23:13, 14; 29:15, 17 നോക്കുക.)

മക്കളോട് അമ്മയപ്പന്മാർ കൂടുതൽ പരുഷമായി പെരുമാറുകയോ, അവരെ മനസിലാക്കാതിരിക്കുകയോ ചെയ്താൽ കുട്ടികൾ **അധൈര്യപ്പെടുകയും** നിരാശരാകുകയും ചെയ്യും. ഗ്രീക്കിൽ, "അധൈര്യപ്പെടുക" എന്നത് ഒറ്റ വാക്കാണ് (*അതുമെയോ*) പുതിയ നിയമത്തിൽ അത് ഇവിടെ മാത്രമാണ് കാണുന്നത്. അതിനെ "മനോധൈര്യമില്ലാത്ത, നിരാശപ്പെടുത്തുക, ഖിന്നനാക്കുക." മൃദുല ഹൃദയരായ കുട്ടികളുടെ മനസ് പെട്ടെന്ന് മുറിവേൽക്കാം, അങ്ങനെ കുട്ടിയിൽ അപകർഷതാ ബോധം വളരും.

മക്കൾ മോശക്കാരായി തീരരുത് എന്ന രീതിയിലുള്ള പരിശീലനം മാത്രമല്ല അവർക്ക് നൽകേണ്ടത്, പിന്നെയോ, ചെയ്യരുത് എന്നതിന് മാത്രം ഒരു കുട്ടിയിൽ ഊന്നൽ കൊടുത്താൽ ആ കുട്ടി നിഷേധ ഭാവമുള്ള ആളായി തീരും. മക്കൾ ക്രിസ്തുവിന്റെ സ്വഭാവം പോലെയുള്ളവരായി തീരണം എന്ന ആഗ്രഹത്തോടെയായിരിക്കണം കുട്ടികൾക്ക് അമ്മയപ്പന്മാർ ക്രിയാത്മകവും, നിഷേധാത്മകവുമായ നിർദ്ദേശങ്ങൾ നൽകി മക്കളെ പരിശീലിപ്പിക്കേണ്ടത്. കുട്ടികൾക്ക് പിൻപറ്റുവാൻ പറ്റിയ മാതൃകാ സ്ത്രീ പുരുഷന്മാരാണ് ആവശ്യം. "ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക" എന്നാണ് പറഞ്ഞിരിക്കുന്നത് (സദൃശ. 22:6), അതിൽ അവൻ എന്തു ചെയ്യരുത് എന്നു പഠിപ്പിക്കുന്നതിലധികം ഉൾപ്പെടുന്നു. തെറ്റായ ദിശ പറഞ്ഞുകൊടുക്കുന്നതിനേക്കാളധികം ശരിയായ ദിശ കാണിച്ചു കൊടുക്കുവാനാണ് ശ്രമിക്കേണ്ടത്.

റോമാ ലോകത്ത്, ഒരു കുട്ടിയുടെ ജീവനും മരണവും അപ്പന്റെ അവകാശമായിരുന്നു. കുട്ടികളടക്കം ഏതൊരാളെയും, ഉയർത്തി ആളുകളുടെ ജീവിതത്തെ മാനിച്ച്, അവരുടെ വികാരങ്ങളെയും, ക്ഷേമ-ത്തെയും കരുതുവാനാണ് യേശു പഠിപ്പിച്ചത്. മത്തായി 7:12 ലെ തത്വം പ്രായപൂർത്തിയായവർക്കും കുട്ടികൾക്കും എല്ലാവർക്കും ഒരുപോലെ ബാധകമാണ്. തങ്ങളോട് അവർ എങ്ങനെ പെരുമാറണമെന്ന് വിചാരിക്കുന്നുവോ, അങ്ങനെയായിരിക്കണം അമ്മയപ്പന്മാർ മക്കളോട് പെരുമാറേണ്ടത്. കൊലൊസ്യർ 3:8, 9-ൽ പറഞ്ഞിരിക്കുന്ന ദുർഗുണങ്ങളെല്ലാം വിട്ടുകളയുകയും 3:12-14 ൽ പറഞ്ഞിരിക്കുന്ന

എല്ലാ നല്ല ഗുണങ്ങളും പകർത്തുകയും ചെയ്താൽ അവർ തങ്ങളുടെ മക്കളോട് സ്നേഹത്തോടും മനസലിവോടും കൂടെ ഇടപെടും.

ഓരോരുത്തരും ആരോടെങ്കിലും കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാരും ഭാര്യമാരും കുട്ടികളും എല്ലാവരും ഗവൺമെന്റിനേയും, മേലുദ്യോഗസ്ഥനെയും അനുസരിക്കണം. മക്കൾ തങ്ങളുടെ അമ്മയപ്പന്മാർക്ക് കീഴടങ്ങിയിരിക്കണം. ദാസന്മാർ യജമാനന്മാർക്കും, ഗവൺമെന്റിനും, അമ്മയപ്പന്മാർക്കും, ദൈവത്തിനും കീഴ്പ്പെട്ടിരിക്കണം. എല്ലാ ബന്ധങ്ങളിലും ആവശ്യപ്പെട്ടിരിക്കുന്നതാണ് അനുസരണവും കീഴ്പ്പെടലും; ആ പ്രതികരണങ്ങളിൽ അപകർഷതയോ കഴിവില്ലായ്മയോ അന്തർലീനമല്ല.

### ദാസന്മാർ യജമാനന്മാരോട് (3:22-25)

**22ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ, ദൃഷ്ടിസേവകളാലല്ല, കർത്താവിനെ ഭയപ്പെട്ടുകൊണ്ട്, ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രെ അനുസരിക്കേണ്ടത്. 23നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്ക് എന്നല്ല, കർത്താവിന്ന് എന്നപോലെ മനസോടെ ചെയ്വിൻ. 24അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. 25അന്യായം ചെയ്തവൻ ചെയ്ത അന്യായത്തിന്നു ഒത്തതു പ്രാപിക്കും മുഖപക്ഷം ഇല്ല.**

**"ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ" (3:22)**

വസ്തു പോലെ, **ദാസന്മാർക്ക്** അവകാശം ഉണ്ടായിരുന്നില്ല. അവർ തങ്ങളുടെ യജമാനന്മാരുടെ ഓരോ ആവശ്യവും നിറവേറ്റി കൊടുക്കണമായിരുന്നു. ചില യജമാനന്മാർ അടിമകൾക്ക് അമിത ഭാരം കൊടുത്തിരുന്നപ്പോൾ, മറ്റു ചിലർ ദാസന്മാരെ ബഹുമാനിച്ചിരുന്നു. തന്റെ ഉടമസ്ഥൻ തന്നോട് എങ്ങനെ പെരുമാറിയാലും, ക്രിസ്തീയ ദാസൻ തന്റെ യജമാനനെ ശരിയായ ഏതു കാര്യത്തിലും **അനുസരിക്കണമെന്നായിരുന്നു** (*ഹുപാകൗവോ*) നിർദ്ദേശിച്ചിരുന്നത്.

ഭാര്യമാർക്കും, ഭർത്താക്കന്മാർക്കും, മക്കൾക്കും, അപ്പന്മാർക്കും, യജമാനന്മാർക്കും നൽകിയ നിർദ്ദേശങ്ങളേക്കാൾ വിപുലമായ നിർദ്ദേശങ്ങളാണ് പൗലൊസ് ദാസന്മാർക്ക് നൽകിയത്. യേശുവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അവൻ ദാസന്മാർക്ക് നിർദ്ദേശങ്ങൾ കൊടുത്തത്. ഉത്തരവാദിത്തമുള്ള സഭാംഗങ്ങൾ എന്ന നിലയിൽ അവരെ ബഹുമാനിച്ചുകൊണ്ടായിരുന്നു അവൻ ദാസന്മാർക്ക് നിർദ്ദേശങ്ങൾ നൽകിയത്. അനുസരിക്കുവാനുള്ള നിർദ്ദേശങ്ങൾ വെറുതെ നൽകുകയായിരുന്നില്ല, "അനുസരിക്കുവാൻ" ഉള്ള കാരണങ്ങളും അവൻ പറഞ്ഞു. ദാസന്മാരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് മറ്റു ലേഖനങ്ങളിൽ അവൻ പറഞ്ഞിട്ടുണ്ട് (എഫെ. 6:5–8; 1 തിമൊ. 6:1, 2). യജമാനന്മാർ നല്ലവരായാലും മോശക്കാരായാലും അവർക്ക് ദാസന്മാർ വിശ്വസ്ത സേവനം നടത്തണമെന്നാണ് പത്രൊസ് പറഞ്ഞത് (1 പത്രൊ. 2:18–20).

**ജഡപ്രകാരമുള്ള യജമാനന്മാർ** (*ടോയിസ് കാറ്റാ സർകാ കുറിയോയിസ്*)

അക്ഷരിക അർത്ഥം “ജഡ-പ്രകാരം-ഉള്ളവർ.” ഈ പ്രയോഗം യേശുവിൽനിന്നു വ്യത്യസ്തമാണ്. അവൻ ക്രിസ്ത്യാനികളുടെ സ്വർഗീയ കർത്താവും, യജമാനനുമാണ്. “യജമാനൻ” എന്ന വാക്ക് പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് “കർത്താവ്” എന്നാണ്, അത് മിക്കവാറും യേശുവിനെ കുറിച്ച് പറയുവാനാണ് ഉപയോഗിച്ചിരിക്കുന്നത്. ജഡപ്രകാരമുള്ള ബന്ധത്തേക്കാൾ ഉയർന്നതായിരുന്നു ഒരു ക്രിസ്തീയ ദാസനും ക്രിസ്തീയ യജമാനനും തമ്മിലുള്ള ബന്ധം, കാരണം അവൻ ദാസൻ മാത്രമായിരുന്നില്ല, സഹോദരനും കൂടെയായിരുന്നു.

ദാസന്മാർ **സകലത്തിലും** തങ്ങളുടെ യജമാനന്മാരെ അനുസരിക്കണമായിരുന്നു. അന്തർലീനമായ തരത്തിലുള്ള അർത്ഥത്തിലാണ് ആ പ്രയോഗം നടത്തിയിരിക്കുന്നത്-ഇവിടെ ദൈവസന്നിധിയിൽ ശരിയായ സകലത്തിലും എന്നാണ് അർത്ഥം.

അടിമത്വത്തെ ഒന്നാം നൂറ്റാണ്ടിലെ സമൂഹം അംഗീകരിച്ചിരുന്നു. അടിമത്വത്തെ അനുവദിക്കുകയായിരുന്നില്ല പൗലൊസ്; ഒരു ദാസൻ സ്വതന്ത്രനാകുവാൻ ആഗ്രഹിച്ചാൽ കഴിയുമെങ്കിൽ അവനെ സ്വതന്ത്രനാക്കണമെന്നാണ് പൗലൊസ് കൊര്യന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞത് (1 കൊ. 7:21). എങ്ങനെയായാലും, അടിമത്വം അവസാനിപ്പിക്കുവാൻ ദാസന്മാരും യജമാനന്മാരും തമ്മിൽ പ്രക്ഷോഭമുണ്ടാക്കുവാൻ പൗലൊസ് പറഞ്ഞില്ല. പകരം അവൻ പറഞ്ഞത് അവരുടെ ബന്ധത്തിൽ വിപ്ലവകരമായ മാറ്റം വരുത്തുവാനായിരുന്നു. ഇനി ഒനേസിമോസിനെ ഒരു ദാസനായിട്ടല്ല, ക്രിസ്തീയ സഹോദരനായി കാണണമെന്നാണ് അവൻ ഫിലെമോന്ന് എഴുതിയ ലേഖനത്തിൽ അപേക്ഷിച്ചത് (ഫിലെ. 16).

സഭയിൽ ദാസന്മാർക്ക് തുല്യത നൽകി ക്രമേണ ലോകത്തിൽ മിക്ക ഭാഗത്തുമുള്ള അടിമത്വം അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായിരുന്നു യേശു ദാസന്മാരെ കുറിച്ച് പഠിപ്പിച്ചത്. തങ്ങളുടെ ദാസന്മാരോട് പരുഷമായി പെരുമാറുന്നതിനു പകരം നല്ല അയൽക്കാർ എന്ന നിലയിൽ പെരുമാറുവാനായിരുന്നു ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരുന്നത് (റോമർ 13:8-10). അടിമത്വം അവസാനിപ്പിക്കുവാൻ നൽകിയ ആശയമായിരുന്നു, മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്നു വിചാരിക്കുന്നുവോ, അതുപോലെ നിങ്ങൾ അവരോട് പെരുമാറുവിൻ എന്നത് (മത്താ. 7:12).

ഇന്ന് പല സമൂഹങ്ങളിലും ദാസന്മാമാരെ കുറിച്ചുള്ള ചർച്ച ആവശ്യമില്ലായിരിക്കാം. ഒരു ക്രിസ്ത്യാനിക്ക് വാസ്തവത്തിൽ പ്രസക്തിയുള്ള വിഷയമാണ് ദാസനും-യജമാനനും തമ്മിലുള്ള ബന്ധം-കാരണം അത് ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തെ വിവരിക്കുന്നതാണ് (4:1; 1 കൊ. 7:22 നോക്കുക). പൗലൊസ് തന്നെ കുറിച്ചോ അല്ലെങ്കിൽ ഒരു സഹ ക്രിസ്ത്യാനിയെ കുറിച്ചോ പറയുമ്പോൾ, “സഹ-ഭൃത്യൻ” എന്ന വാക്കാണ് ഉപയോഗിച്ചത് (റോമർ 1:1; കൊലൊ. 1:7; 4:7). നാം ക്രിസ്തുവിന്റെ ദാസന്മാർ അഥവാ ഭൃത്യന്മാർ ആയതുകൊണ്ട്, പൗലൊസ് നൽകിയ ദാസനും-യജമാനനും തമ്മിലുള്ള ബന്ധത്തിൽനിന്നും പല നിർദ്ദേശങ്ങൾ പഠിക്കുവാൻ കഴിയും.

**“മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ**
**പോലെ ദൃഷ്ടി സേവകളാലല്ല” (3:22)**

**ദൃഷ്ടി സേവനങ്ങൾ** (*ഓഫ്താൽമോഡൗലിയാ*) ഗ്രീക്കിൽ ഒറ്റ വാക്കാണ്.

ഈ വാക്ക് അക്ഷരികമായി അർത്ഥമാക്കുന്നത് “ദൃഷ്ടിസേവ” എന്നാണ്, അത് എഫെസ്യർ 6:6 ലും കാണാം. ഉടമസ്ഥൻ നോക്കുമ്പോൾ മാത്രം നന്നായി ജോലി ചെയ്യുകയും, യജമാനൻ പോയി കഴിഞ്ഞാൽ തന്റെ കടമ ചെയ്യാതിരിക്കുകയും ചെയ്യുന്നത് അവിശ്വസ്തതയാണ്. സേവനത്തിന്റെ മുഖ്യ ഉദ്ദേശം യേശുവിനെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം. എല്ലാ സേവനങ്ങളും അവന്റെ കാഴ്ച്ചയിലാണ് ചെയ്യുന്നത്, അവനാണ് നിത്യ പ്രതിഫലം തരുന്നത്. കഠിനാദ്ധ്വാനം ചെയ്യുന്ന നല്ല ദാസന് ഭൗതികമായ പ്രതിഫലം ലഭിച്ചേക്കാം, എന്നാൽ ഏറ്റവും പ്രധാനപ്പെട്ട നേട്ടം സ്വർഗീയമായ അനുഗ്രഹങ്ങളാണ്. ക്രിസ്തീയ ദാസൻ ആദ്യം ക്രിസ്തുവിനുള്ളവനാണ് (1 കൊ. 7:22), പിന്നെയാണ് അവൻ ജഡപ്രകാരമുള്ള യജമാനനുള്ളവനാകുന്നത്.

**മനുഷ്യരെ പ്രസാദിപ്പിക്കുക** എന്ന വാക്ക് (*ആന്ത്രോപാരെസ്കോയി*) പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തുകൂടെ കാണുന്നു (എഫെ. 6:6), അവിടെ തർജിമ ചെയ്തിരിക്കുന്നത് “മനുഷ്യരെ-പ്രസാദിപ്പിക്കുന്നവർ” എന്നാണ്.പൗലൊസ് തന്റെ പ്രസംഗത്തെ കുറിച്ച് പറഞ്ഞപ്പോൾ ഇതേ വാക്ക് അല്ല ഉപയോഗിച്ചതെങ്കിലും, ഇതേ ആശയം വ്യക്തമാക്കുന്നുണ്ട്. അവൻ ആളുകളെ പ്രസാദിപ്പിക്കേണ്ടതിന് തന്റെ സന്ദേശത്തിനു മാറ്റം വരുത്തിയില്ല (ഗലാ. 1:10; 1 തെസ്സ. 2:4), പക്ഷെ അവൻ തന്റെ ജീവിത രീതിയാൽ അവർക്ക് ഇടർച്ച വരുത്തുവാനും അവൻ ശ്രമിച്ചില്ല (1 കൊ. 10:33).

ഒരു ദാസൻ തന്നെ ശ്രദ്ധിക്കുമ്പോൾ മാത്രമല്ല യജമാനനെ സേവിക്കേണ്ടത്, കാരണം അനുസരിക്കുവാൻ നിർബ്ബന്ധിതനാണ്. അവൻ ഹൃദയത്തിൽ തോന്നി, യജമാനനോ അല്ലെങ്കിൽ മറ്റാരെങ്കിലും ശ്രദ്ധിച്ചാലും ഇല്ലെങ്കിലും ആത്മാർത്ഥതയോടെയാണ് സേവിക്കേണ്ടത്.

“അല്ല” (*മി*) എന്നും കൂടെ “എന്നാൽ” (*അല്ല*) എന്നും ഉള്ള ഗ്രീക്ക് ഭാഷാശൈലി ആ ഘടനയിലെ ആദ്യ പകുതിയിൽ പറഞ്ഞവ മുഴുവനും മാറ്റി നിർത്തുന്നില്ല, അതേ സമയം രണ്ടാം പകുതിക്ക് ഊന്നൽ കൊടുത്തിരിക്കയുമാണ്. അത് “അധികവും ഏ യെ പോലെയല്ല ബി എന്നു പറയുന്നതുപോലെയാണ്.” ദാസന്മാർ യജമാനന്മാരെ പ്രസാദിപ്പിക്കുന്നത് ഒഴിവാക്കണം എന്നല്ല പൗലൊസ് പറഞ്ഞത്; മറിച്ച്, യേശുവിനെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം അവരുടെ ആദ്യ പരിഗണന. അതുകൊണ്ടാണ് പരിഷ്ക്കരിച്ച എൻഏഎസ്ബിയിൽ “വെറും മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായിട്ടല്ല” എന്നു തർജിമ ചെയ്തിരിക്കുന്നത്. എന്നാൽ “വെറും” എന്ന വാക്ക് ഗ്രീക്കിലില്ല, അർത്ഥം ഗ്രീക്ക് ഭാഷാശൈലിയിൽ അന്തർലീനമാണ്.[4]

ഒരു കൽപന വെറുതെ അനുസരിക്കുവാനായി സേവിക്കുന്നതും, മനുഷ്യരെ പ്രസാദിപ്പിക്കുന്നതും പൂർണ്ണമായി ഒഴിവാക്കണമെന്നല്ല. പിന്നെയോ സേവനം മനുഷ്യരെ കാണിക്കുന്നതിനോ, അവരെ പ്രസാദിപ്പിക്കുന്നതിനു മാത്രമോ ആകരുത്, ദൈവ ഭയത്താലായിരിക്കണം സേവനം എന്നാണ് പൗലൊസ് പറഞ്ഞത്.

### “കർത്താവിനെ ഭയപ്പെട്ട് ഹൃദയത്തിന്റെ ഏകാഗ്രതയോടെ” (3:22)

ക്രിസ്തുവിന്റെ കർത്തൃത്വത്തെ അംഗീകരിച്ചുകൊണ്ടായിരിക്കണം ദാസന്മാർ യജമാനന്മാരെ ബഹുമാനിക്കേണ്ടത്. ദാസന്മാർക്ക് രണ്ട് വ്യത്യസ്തരായ യജമാനന്മാരാണ് ഉള്ളത്, ജഡപ്രകാരമുള്ള യജമാനന്മാരും (*കുറിയോയി*, “യജ

മാനന്മാർ") സ്വർഗീയ യജമാനനും (*കുറിയോസ്*). രണ്ടു വാക്കുകളും വന്നിരിക്കുന്നത് ഒരേ ഗ്രീക്ക് വാക്കിൽനിന്നാണ്, പക്ഷെ ഒന്നു ബഹുവചനവും മറ്റേത് ഏകവചനവുമാണ്. അവരുടെ യജമാനനെ പ്രസാദിപ്പിക്കുവാൻ-അതായത് ദൈവത്തെ-ദാസന്മാർ ഹൃദയപൂർവ്വം ആത്മാർത്ഥമായിട്ടാണ് സേവിക്കേണ്ടത്. ഒരാളുടെ ആന്തരിക വ്യക്തിത്വ കേന്ദ്രമാണ് ഹൃദയം, അതിൽ ചിന്തയും, വികാരവും, മനസും ഉൾപ്പെടുന്നു. **ആത്മാർത്ഥത** (*ഹുപ്ലോടസ്*) ഇതേ അർത്ഥത്തിൽ മറ്റൊരു ഭാഗത്തും കാണാം (2 കൊ. 1:12; എഫെ. 6:5). 2 കൊരിന്ത്യർ 11:3-ൽ ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ഏകാഗ്രത" എന്നാണ്, മറ്റു ഭാഗങ്ങളിൽ അത് "ഉദാരമായി" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (റോമർ 12:8; 2 കൊ. 8:2; 9:11, 13).

യവനദാസനായാലും, റോമാ ദാസനായാലും ഏകാഗ്ര ഹൃദയത്തോടെയും ഉദ്ദേശത്തോടെയുമാണ് സേവിക്കേണ്ടത് ദാസൻ യജമാനന്റെ കൈവശ സമ്പാദ്യമായിരുന്നു. തനിക്ക് ഒരു ദാസൻ ഉണ്ടെങ്കിൽ അവൻ എങ്ങനെ പെരുമാറണമെന്ന് വിചാരിക്കുന്നുവോ അതേ രീതിയിലുള്ള സേവനമാണ് ദാസൻ യജമാനന്നു നൽകേണ്ടത്.

**ഭയപ്പെട്ട്** എന്നതിനുള്ള ഗ്രീക്ക് വാക്ക്, *ഫോബൗമെനോയി*, ദൈവത്തെ കുറിച്ചു പറയുമ്പോൾ, വ്യാഖ്യാനിക്കേണ്ടത്, "ആരാധാനാപൂർവ്വമായ ബഹുമാനം" എന്നാണ്, അല്ലാതെ ഭയമോ ഭീതിയോ അല്ല. ദാസന്മാർ യജമാനന്മാരെ സേവിക്കുന്നതിനെയും, ഭാര്യമാർ എങ്ങനെ സേവിക്കണമെന്ന് സൂചിപ്പിക്കുന്നതിനെയും പറയുമ്പോൾ പത്രൊസും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (അല്ലെങ്കിൽ "ബഹുമാനം"; 1 പത്രൊ. 2:18; 3:2). ജഢപ്രകാരമുള്ള യജമാനന്മാരോട് ബഹുമാനം കാണിക്കണം. അതിലധികമായി കർത്താവിനെ ബഹുമാനിക്കണം, കാരണം അന്തിമവും വലുതുമായ പ്രതിഫലം അവനാണ് നൽകുന്നത്.

> എന്നാൽ ക്രിസ്തീയ ദാസൻ ... തന്റെ ജോലി നിർവ്വഹിക്കേ[ണ്ടിയത്] ഏറ്റവും ഉയർന്ന ലക്ഷ്യബോധത്തിലും വിശ്വസ്തതയിലുമായിരുന്നു; അവൻ എല്ലാറ്റിലും ഉപരിയായി ക്രിസ്തുവിന്റെ ഭൃത്യൻ [ആയിരുന്നു], അവനെ പ്രസാദിപ്പിക്കുന്നതിനായിരുന്നു അവൻ പ്രവർത്തിച്ചിരുന്നത്. ഇദം പ്രഥമമായ ലക്ഷ്യം വെച്ചു [കൊണ്ടായിരുന്നു]. ജഢപ്രകാരമുള്ള യജമാനനെ ഭയപ്പെടാതെ, "കർത്താവായ യേശുവിനെ" ബഹുമാനിക്കുന്നതിലായിരുന്നു അവന്റെ ശ്രദ്ധ. അത് ക്രിസ്തീയ ദാസന്മാരെ അവരുടെ യജമാനന്മാർ എത്ര കഠിനമായും, കരുണയില്ലാതെയും പെരുമാറിയാലും അവരെ അവർക്ക് കീഴ്പ്പെട്ട് അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നതായിരുന്നു; കാരണം അവർ അവനിൽനിന്ന് നന്ദി പ്രതീക്ഷിച്ചിരുന്നില്ല, എന്നാൽ ക്രിസ്തുവിൽനിന്നു പ്രതീക്ഷിച്ചിരുന്നു.[5]

സ്നേഹം ഭയത്തെ നീക്കുന്നു എന്ന ആശയത്തിനെതിരാണ് ദൈവത്തെ "ഭയത്തോടെ" സേവിക്കുക എന്നത്. "സ്നേഹം" ഭയത്തെ നീക്കുന്നു എന്നല്ല യോഹന്നാൻ എഴുതിയത്, മറിച്ച് "തികഞ്ഞ സ്നേഹം" ഭയത്തെ പുറത്താക്കുന്നു എന്നാണ് (1 യോഹ. 4:18). "തികഞ്ഞ സ്നേഹം" ഉള്ള വ്യക്തി തികഞ്ഞ അനുസരണം ഉള്ളവനായിരിക്കും, കാരണം സ്നേഹമാണ് അനുസരിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം (യോഹ. 14:15, 21, 23; 1 യോഹ. 5:3). "[ദൈവത്തിന്റെ] വചനം" പ്രമാണിക്കുന്ന ഒരു വ്യക്തിയിൽ "സ്നേഹം തിക

ഞ്ഞുവരും" (1 യോഹ. 2:5). ചിലപ്പോൾ നാം പാപം ചെയ്യും (1 യോഹ. 1:8, 10); ആകയാൽ, നമുക്ക് തികഞ്ഞ സ്നേഹം ഇല്ല. അതുകൊണ്ടാണ് നമുക്ക് ഭയമുള്ളത്, ശരിയായ ഭയം ക്രിസ്ത്യാനികളെ പാപം ചെയ്യാതെയും അനുസരണക്കേട് കാണിക്കാതെയും ഇരിക്കുവാൻ സഹായിക്കും (എബ്രാ. 10:27, 31).

### "നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർക്കെന്നല്ല, കർത്താവിന്ന് എന്നവണ്ണം ചെയ്വിൻ" (3:23)

ദൈവത്തിന് എന്നപോലെയായിരുന്നു ദാസന്മാർ **പ്രവർത്തിക്കേണ്ടിയിരുന്നത്. ഹൃദയത്തിന്റെ** (*എക് സുക്കെസ്*, അക്ഷരികമായി, "ആത്മാവിൽ നിന്ന്") കൊലൊസ്യലേഖനത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. ദൈവത്തോടുള്ള ആദരവും ആന്തരികമായ ഇഛയും നിമിത്തം ദാസന്മാർ തങ്ങളുടെ യജമാനന്മാരെ വിശ്വസ്തമായി അനുസരിക്കണമായിരുന്നു. അത് അവരുടെ വ്യക്തിപരമായ ബഹുമതി കൂട്ടുക മാത്രമല്ല, ക്രിസ്തുവിന്നു മഹത്വം കൊടുക്കയും ക്രിസ്ത്യാനിത്വത്തെ ആദരിക്കത്തക്കതാക്കുകയും ചെയ്യും. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്ന ദാസന്മാർ യജമാനന്മാരെ പ്രസാദിപ്പിക്കുന്നതിലധികം ചെയ്യും. സമർപ്പിതമായ സേവനം നടത്തിയാലും, യജമാനന്മാരിൽനിന്ന് തിക്തമായ അനുഭവമുണ്ടായാലും, അപ്പോഴും സ്വർഗസ്ഥനായ യജമാനനെ പ്രസാദിപ്പിച്ച് വിശ്വസ്തമായി സേവിച്ചാൽ സ്വർഗത്തിൽനിന്നുള്ള പ്രതിഫലവും അവകാശവും ലഭിക്കും (1 പത്രൊ. 1:3, 4).

ഒരു ദാസൻ യജമാനനെയാണ് സേവിച്ചിരുന്നതെങ്കിലും, ജഡപ്രകാരമുള്ള യജമാനനെ പ്രസാദിപ്പിക്കുന്നതിലധികമായി, യേശുവിനെ പ്രസാദിപ്പിക്കുവാൻ ഒരു ക്രിസ്ത്യാനി ശ്രമിക്കും. ക്രിസ്ത്യാനിയായി തീർന്നശേഷം, ഒരു ദാസൻ പുതിയതും വ്യത്യസ്തവുമായ കാഴ്ച്ചപ്പാടിലായിരിക്കണം സേവിക്കുവാൻ. കഴിയുമെങ്കിൽ സ്വാതന്ത്ര്യത്തിനു ശ്രമിക്കണം, അല്ലെങ്കിൽ, വിളിക്കപ്പെട്ട സാമൂഹ്യമായ അവസ്ഥയിൽ തന്നെ കഴിയുക (1 കൊ. 7:20, 21). ദാസനായിരിക്കുന്നേടത്തോളം, ദൈവത്തിന്ന് എന്നപോലെ, അവൻ തന്റെ യജമാനനെ മനസോടെ സേവിക്കണം. അവൻ സേവനത്തിലായിരിക്കുമ്പോൾ, കഴിവിന്റെ പരമാവധി, ഏറ്റവും നല്ല പ്രവർത്തനമാണ് നടത്തേണ്ടത്. പ്രത്യേകതയോടെ അവൻ ദൈവത്തെ സേവിക്കുമ്പോൾ, മറ്റു ദാസന്മാരിൽ നിന്നും അവനെ വേർതിരിച്ചു കാണിക്കുന്നു. അവൻ അങ്ങനെ ചെയ്യുമ്പോൾ, അവന് തന്റെ യജമാനനിൽനിന്നും അനുകൂലമായ അംഗീകാരവും, സമൂഹത്തിൽ ബഹുമാനവും ലഭിക്കും, അത് മറ്റുള്ളവർക്ക് മാതൃകയുമാകും.

യജമാനനെ പ്രസാദിപ്പിക്കുന്നതിനായിരിക്കാം, അ-ക്രൈസ്തവരായ ദാസന്മാർ തങ്ങളുടെ സേവനത്താൽ യജമാനന്മാരെ പ്രസാദിക്കുവാൻ ശ്രമിക്കുന്നുണ്ടായിരിക്കാം, പക്ഷെ അവർ യേശുവിനെ പ്രസാദിപ്പിക്കുവാനല്ല ശ്രമിക്കുന്നത്. എന്നാൽ ക്രിസ്തീയ ദാസൻ, യേശുവിനെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, അവന്റെ യജമാനനേയും പ്രസാദിപ്പിക്കുകയാണ്. ക്രിസ്ത്യാനിയെ ആയാലും അ-ക്രൈസ്തവനെ ആയാലും സേവനം എരിവുള്ളതായിരിക്കണം.

### "അവകാശം എന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞു" (3:24)

ജഡപ്രകാരമുള്ള ഒരു യജമാനനിൽനിന്നു ലഭിക്കുന്ന പ്രതിഫലത്തേ

ക്കാൾ വലിയ **പ്രതിഫലമാണ്** ദൈവത്തെ സേവിക്കുന്നതിനു ലഭിക്കുന്നത്. വിശ്വസ്തനായ ക്രിസ്തീയ ദാസന് **കർത്താവ്** വാഗ്ദാനം ചെയ്ത **അവകാശം** ലഭിക്കുമെന്ന് ഉറപ്പാണ്.

ആ "അവകാശം" (*ക്ലെരോനോമിയ*) എന്നത് സമ്പാദിക്കുന്ന ശമ്പള മായിട്ടല്ല, മറിച്ച് അവകാശമാക്കുന്ന പ്രതിഫലമാണ്. മിക്ക ദാസന്മാർക്കും ജന്മാവകാശം ഇല്ല, മറ്റുള്ളവർക്ക് ലഭിച്ചിരിക്കുന്നത് ചിലരുടെ ഔദാര്യം നി മിത്തമായിരുന്നു. അവകാശം സാധാരണ വെച്ചിരിക്കുന്നത് സ്വതന്ത്രർക്കാ ണ്; പക്ഷെ ക്രിസ്തീയ ദാസന്മാർക്ക് സ്വർഗീയ അവകാശം ലഭിക്കുമെന്ന പ്ര ത്യാശയുണ്ട്. ക്രിസ്തുവിൽ തുല്യത ഉള്ളതിനാൽ, മറ്റു ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ പ്രതീക്ഷിക്കാം. "വിശുദ്ധന്മാർക്ക് വെളിച്ചത്തി ലുള്ള അവകാശത്തിന്" അവർക്ക് നോക്കി പാർത്തിരിക്കാം (കൊലൊ. 1:12).

യജമാനന്റെ പുത്രൻ അവകാശം വാങ്ങാതിരിക്കുവാൻ അവനെ തോട്ട ത്തിലെ കുടിയാന്മാർ കൊന്നതായ ഉപമ യേശു പഠിപ്പിച്ചിരിക്കുന്നു (മത്താ. 21:33-40; മർ. 12:1-11). ക്രിസ്ത്യാനികൾക്ക് അവകാശം ലഭിക്കുന്നത് അങ്ങനെ യല്ല. അത് സമ്പാദിക്കുവാനും കഴിയുകയില്ല. രക്ഷ സൗജന്യമായി ലഭിക്കു ന്നതുപോലെയാണ് സ്വർഗത്തിലെ നിത്യജീവനും (പ്രവൃ. 20:32; എഫെ. 2:8, 9). കൂടാതെ, അത് നിത്യമായതും അവസാനമില്ലാത്തതുമായ അവകാശമാണ് (എബ്രാ. 9:15), വീണ്ടും ജനിച്ചവർക്കും (യോഹ. 3:3-5; 1 പത്രൊ. 1:3, 4), ദൈവമക്കളായി തീരുന്നവർക്കും ഉള്ളതാണ് (റോമർ 8:17; ഗലാ. 4:7). ഒരാൾ വിശ്വാസത്താലും സ്നാനത്താലും ദൈവ പൈതലാകുമ്പോൾ, വാഗ്ദാനപ്ര കാരം ദൈവത്തിൽ നിന്നു ലഭിക്കുന്നതാണ് അവകാശം (ഗലാ. 3:26, 27, 29).

ഒരു യജമാനന്റെ മക്കൾക്കായിട്ടാണ് അവകാശങ്ങൾ സൂക്ഷിച്ചിരിക്കുന്ന ത്. യജമാനൻ തന്റെ ദാസന് അവകാശം കൊടുക്കുന്നത് അസാധാരണമാണ്, എങ്കിലും സാധ്യമായിരുന്നു. ഒരു ദാസന് അവകാശം വാഗ്ദാനം ചെയ്യുന്നത് അവൻ ചെയ്ത ഔൽസുക്യസേവനത്തിനുള്ള ഒരു പ്രോൽസാഹനമായിട്ടായി രുന്നു. ജഡപ്രകാരമുള്ള ഒരു യജമാനന്നു നൽകുവാൻ കഴിവുള്ളതിനേക്കാൾ വളരെ വിലയുള്ള അവകാശമാണ് പ്രോൽസാഹനമായി ക്രിസ്തീയ ദാസനു ലഭിക്കുന്നത്. ദാസൻ, ദൈവപൈതലാകുമ്പോൾ, ക്രിസ്തുവിൽ സ്വതന്ത്രനാ കുന്നു (1 കൊ. 7:22), കാരണം ക്രിസ്തീയ ദാസൻക്രിസ്തുവിൽ ദാസനും യജമാനനും എന്ന വ്യത്യാസം നീങ്ങുന്നു. ക്രിസ്തീയ ദാസൻ ദൈവത്തിന്റെ അവകാശിയായി തീർന്നിരുന്നു (ഗലാ. 3:26-29; 4:7), സ്വർഗീയ പ്രത്യാശയാൽ അവകാശിയായതിനാൽ ദൈവത്തോടുകൂടി നിത്യമായി ജീവിക്കുവാനും കഴിയുന്നു (കൊലൊ. 1:5; എഫെ. 4:4; 1 പത്രൊ. 1:3, 4).

പിതാവിൽ നിന്നു ലഭിക്കുന്ന അവകാശം ഭൂമിയിലല്ല. ഭൗതികമായ ആകാ ശവും ഭൂമിയും ഇല്ലാതാകും എന്നാണ് യേശു പഠിപ്പിച്ചത് (മത്താ. 24:35). അവ കത്തിയഴിയും എന്നാണ് പത്രൊസ് പറഞ്ഞിരിക്കുന്നത് (2 പത്രൊ. 3:10), ന്യായവിധി നടക്കുമ്പോൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്ന് യോഹന്നാൻ എഴുതിയിരിക്കുന്നു (വെളി. 20:11, 21:1).

നേടിയെടുക്കാവുന്നതായിട്ടല്ല, മറിച്ച് പ്രതിഫലമായി നൽകുന്നതാണ് ആവകാശം. അക്കാരണത്താൽ രക്ഷിക്കപ്പെട്ട ഓരോ വ്യക്തിക്കും ഒരേ പ്ര തിഫലമാണ് ലഭിക്കുന്നത്. സ്വർഗം നേടിയെടുക്കാവുന്നതല്ല (എഫെ. 2:8, 9), നേടിയെടുക്കാവുന്നതായിരുന്നുവെങ്കിൽ പ്രതിഫലത്തിന്നു പ്രത്യേക ലെവലു കൾ ഉണ്ടാകുമായിരുന്നു. തനിക്ക് സാധ്യമായ എല്ലാ സേവനവും ക്രിസ്തു

വിനായി ചെയ്ത ശേഷവും, അയോഗ്യനും പ്രയോജനമില്ലാത്തവനുമായിട്ടേ കണക്കാക്കാവു (ലൂക്കൊ. 17:7-10). ആരെങ്കിലും രക്ഷിക്കപ്പെടുന്നുവെങ്കിൽ അത് യേശുവിന്റെ യോഗ്യത നിമിത്തം മാത്രമാണ്. ആയുഷ്ക്കാലം മുഴുവൻ സേവിക്കുന്ന ആൾക്കും, ജീവിതത്തിന്റെ അവസാന യാമങ്ങളിൽ അനുസരിച്ച് സേവിക്കുന്നവർക്കും ഒരേ പ്രതിഫലമാണ് ലഭിക്കുന്നത് (മത്താ. 20:1-16). സ്വർഗത്തിൽ എല്ലാവരും ഒരേ നിലവാരത്തിലും തുല്യരുമായിരിക്കും.

### "കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ" (3:24)

**കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ** എന്നു പൗലൊസ് എഴുതിയപ്പോൾ അവൻ ബഹുവചന ക്രിയയാണ് ഉപയോഗിച്ചത് (*ഡൗലെയുവെലെറ്റെ*). അവൻ ദാസന്മാരെയാണ് സംബോധന ചെയ്തത്. ദാസന്മാർ ശ്രദ്ധയോടെ സേവിക്കേ ണ്ടത് ജഡപ്രകാരമുള്ള യജമാനനെ അല്ലെങ്കിൽ "യജമാനന്മാരെ" പ്രസാദിപ്പിക്കുക മാത്രമല്ല, അവരുടെ ഏറ്റവും വലിയ യജമാനനായ കർത്താവായ ക്രിസ്തുവിനെയും പ്രസാദിപ്പിക്കുകയാണ്. അവൻ മറ്റുള്ളവരെ സേവിച്ചതുപോലെ, മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരാണ് ഏറ്റവും വലിയ ആളുകൾ എന്നാണ് യേശു പഠിപ്പിച്ചത് (മത്താ. 20:25-28). അവൻ തന്റെ ന്യായാധിപ സിംഹാസനത്തിലിരിക്കുമ്പോൾ, അവന്റെ വലത്തുഭാഗത്തുള്ളവർക്ക് നിത്യ ജീവൻ ലഭിക്കും കാരണം അവർ മറ്റുള്ളവരെ സഹായിക്കുകയും അവനെ ശുശ്രൂഷിക്കുകയും ചെയ്തു (മത്താ. 25:31-40). ദാസന്മാർ ജഡപ്രകാരമുള്ള യജമാനന്മാരെ സേവിച്ച് യേശുവിനെ സേവിക്കുന്നവരായിരുന്നു.

പൗലൊസ് ഈ നിർദ്ദേശങ്ങൾ ദാസന്മാർക്കായി എഴുതിയപ്പോൾ, ഒരാൾ മറ്റൊരാളെ ശുശ്രൂഷിപ്പാൻ കടപ്പെട്ടിരിക്കുന്നു എന്ന വിശാലമായ ഒരു പ്രായോഗികതയും അന്തർലീനമാക്കിയിരിക്കുന്നു. ഒരു ജോലിക്കാരൻ ബോധപൂർവ്വം ജോലിക്ക് ആക്കിയ വ്യക്തിയെ സേവിക്കണം, കർത്താവിനെ സേവിക്കുന്നു എന്നപോലെയായിരിക്കണം അവന്റെ ശുശ്രൂഷ. അയാൾ ഒരു ദിവസം ചെയ്യുന്ന നല്ല സേവനത്തിന് ഒരു ദിവസത്തെ വേതനം കൊടുപ്പാൻ ജോലിക്ക് ആക്കിയ ആൾ കടപ്പെട്ടിരിക്കുന്നു. യേശുവിന്റെ പ്രസ്താവന ഇവിടെ പ്രായോഗികമാക്കാം: "മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ" (മത്താ. 7:12). ദൈവഭക്തനായ ഒരു ജോലിക്കാരന്റെ ലക്ഷ്യം ആദ്യം യേശുവിനെ പ്രസാദിപ്പിക്കുക എന്നതാണ്; രണ്ടാമതായി തന്നെ ജോലിക്ക് നിയമിച്ചയാളെ പ്രസാദിപ്പിക്കുക; മൂന്നാമതായി ജോലി തൃപ്തികരമായി ചെയ്യുക (ഗലാ. 6:4).

### "അന്യായം ചെയ്തവൻ താൻ ചെയ്ത അന്യായത്തിന് ഒത്തതു പ്രാപിക്കും" (3:25)

ദാസനും-യജമാനനുമടക്കം-ഏതൊരു വ്യക്തിയും അന്യായം ചെയ്താൽ അതിനു ന്യായമായതു ലഭിക്കും. ഇവിടെ ദാസന്മാർ മാത്രമാണ് പൗലൊസ് ഉദ്ദേശിച്ചതെങ്കിൽ, "നിങ്ങളിൽ അന്യായം ചെയ്യുന്നവർ [ബഹുവചനം]" "നിങ്ങളോട്" ("ദാസന്മാർ") എന്ന് മുൻപ് ഉപയോഗിച്ചതിനോട് യോജിപ്പിക്കുമായിരുന്നു. പകരം, അവൻ പറഞ്ഞത്, **അന്യായം ചെയ്യുന്നവൻ** എന്നാണ്, അർത്ഥം അന്യായം ചെയ്യുന്ന ഏതൊരാളും-ദാസനും, യജമാനനും, അന്യായം ചെയ്താൽ അതിനു തക്കതായ അനന്തരഫലം അനുഭവിക്കും എന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്.

തൊട്ടു താഴെയുള്ള സന്ദർഭത്തിൽ, ദാസന്മാർ തങ്ങളുടെ യജമാനന്മാരോട് ബഹുമാനമില്ലാതെ, അനുസരണക്കേട് കാണിക്കുന്നത് അന്യായമായി പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, പൗലൊസ് "അവൻ" എന്നു ഉപയോഗിച്ചത് വിശാലമായ അർത്ഥത്തിലാണ്, അന്യായം ചെയ്യുന്ന ഏതൊരാളെയും ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. അപ്പൊസ്തലന്മാരെ പഠിപ്പിക്കുവാനും യേശു ഇതേ പ്രയോഗം നടത്തിയിരുന്നു, അവൻ അപ്പൊസ്തലന്മാർക്ക് കർത്തൃമേശ സ്ഥാപിച്ചു കൊടുത്തു.[6] ആ സമയത്ത് അവൻ അപ്പൊസ്തലന്മാരോട് നേരിട്ട് "നിങ്ങൾ" എന്നു പറഞ്ഞു (യോഹ. 14:19, 20); എന്നാൽ "അവൻ" എന്നു പറഞ്ഞപ്പോൾ (യോഹ. 14:21), ഏതൊരാളായാലും എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചത്. യോഹന്നാൻ 14–16 വരെയുള്ള പ്രസംഗങ്ങളിലെല്ലാം ആ പ്രയോഗം അവൻ നടത്തിയിട്ടുണ്ട്.

"അന്യായം" ചെയ്യുന്നതിനെ കുറിച്ച് പൗലൊസ് ഫിലെമോന്റെ ലേഖനത്തിലും പറഞ്ഞിരിക്കുന്നു (വാ. 18). ദൈവേഷ്ടത്തിനു വിരുദ്ധമായുള്ള ഏതൊരു പ്രവൃത്തിയും അതിൽ ഉൾപ്പെടും. ശരിയല്ലാത്ത ഏതൊരു പ്രവൃത്തിയെയും യേശു ന്യായം വിധിക്കും (2 കൊ. 5:10). അത് മുഖപക്ഷം കാണിക്കാതെയുമായിരിക്കും (റോമർ 2:6–11). പകരം വീട്ടൽ ദൈവത്തിന്റെ എന്നേക്കുമുള്ള തത്വമാണ്. യിസ്രായേലിനെ കൈകാര്യം ചെയ്തതു "ഓരോരോ ലംഘനത്തിന്നും അനുസരണക്കേടിന്നും ന്യായമായ പ്രതിഫലം കൊടുത്തുകൊണ്ടാണ് ..." (എബ്രാ. 2:2; ആവ. 10:17). "മനുഷ്യൻ വിതെക്കുന്നത് തന്നെ കൊയ്യും" (ഗലാ. 6:7).

ആത്മാർത്ഥവും ഉൽസാഹവുമുള്ള സേവനം നടത്തുവാൻ രണ്ട് കാരണങ്ങളാണ് ഇവിടെ നൽകിയിരിക്കുന്നത്: തന്നെ സേവിക്കുന്നവർക്ക് യേശു സ്വർഗീയമായ അവകാശം നൽകും, അന്യായം ചെയ്തവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അവനെ അനുസരിക്കുന്നവർക്ക് പ്രതിഫലം നൽകും (എബ്രാ. 5:8, 9), പക്ഷെ അവന്റെ ഇഷ്ടത്തെ ലംഘിക്കുന്നവരെ അവൻ ശിക്ഷിക്കുക തന്നെ ചെയ്യും (2 തെസ്സ. 1:6–9).

**"മുഖപക്ഷം ഇല്ല" (3:25)**

ദൈവം ആർക്കും പ്രത്യേക ആനുകൂല്യം നൽകുകയില്ല. അവന്റെ ന്യായവിധി **മുഖപക്ഷം കൂടാതെ**യായിരിക്കും (പ്രവൃ. 10:34; റോമർ 2:6, 11; 1 പത്രൊ. 1:17). ദാസന്മാർക്ക് നൽകിയ അതേ മുന്നറിയിപ്പായിരുന്നു പൗലൊസ് യജമാനന്മാർക്കും നൽകിയത് (എഫെ. 6:9). ഏതൊരാളും ഏതു നിയമത്തിൻ കീഴിലാണോ ജീവിച്ചത്, ആ നിയമപ്രകാരമായിരിക്കും യേശു ന്യായം വിധിക്കുന്നത്. യിസ്രായേൽ ജനം പഴയനിയമത്തിൻകീഴിലും ന്യായപ്രമാണത്തിൻ കീഴിലുമായിരുന്നു ജീവിച്ചിരുന്നത് (റോമർ 2:12). ന്യായപ്രമാണം നൽകാതിരുന്ന ജാതികളെ അവരുടെ മനസാക്ഷിയനുസരിച്ചായിരുന്നു ജീവിച്ചത്, അതിനാൽ അവരെ അപ്രകാരം ന്യായം വിധിക്കും (റോമർ 2:14, 15). തന്റെ മരണത്താൽ സ്ഥാപിച്ചതായ പുതിയ നിയമത്തിൻകീഴിൽ ജീവിച്ചവരെ ആ നിയമപ്രകാരം ന്യായം വിധിക്കും (എബ്രാ. 9:15–17). അതായത് യേശുവിന്റെ ഉപദേശപ്രകാരം (യോഹ. 12:48). ഓരോരുത്തരും ജീവിച്ച നിലവാരമനുസരിച്ച് വിധിക്കുന്നതിനാൽ ആർക്കും ആരേക്കാളും മുന്തിയ പരിഗണനയോ കൃപയോ ലഭിക്കുകയില്ല. ആരെങ്കിലും പ്രത്യേക പരിഗണനക്ക് യോഗ്യരാണെന്നു കരുതുന്നവർ കൃപയുടെ ആത്മാവിനെ നിന്ദിക്കുകയാണ്

ചെയ്യുക (എബ്രാ. 10:29).

ന്യായവിധി നാളിൽ, വിലയിരുത്തൽ നിലവാരം, വ്യക്തിയുടെ ബഹുമതിയോ അല്ലെങ്കിൽ, സമൂഹത്തിലെ അയാളുടെ സ്ഥാനമോ, നോക്കുകയില്ല. കാഴ്ച്ചയോ, സമ്പാദ്യമോ, കഴിവുകളോ, സാമ്പത്തിക നിലയോ അല്ലെങ്കിൽ മറ്റു നേട്ടങ്ങളോ നോക്കി ദൈവം പ്രത്യേക പരിഗണന ആർക്കും നൽകുകയില്ല. ദാസന്മാരും, യജമാനന്മാരും, ദൈവസന്നിധിയിൽ തുല്യരാണ്. ദൈവം എല്ലാവരോടും ഒരേപോലെ പെരുമാറുമെന്നതിനാൽ ആരും ആരെക്കാളും മുകളിൽ ആയിരിക്കുകയില്ല.

## യജമാനന്മാർ ദാസന്മാരോട് (4:1)

**[1]യജമാനന്മാരേ, നിങ്ങൾക്കും സ്വർഗത്തിൽ ഒരു യജമാനൻ ഉണ്ടെന്ന് അറിഞ്ഞ്, ദാസന്മാരോട് നീതിയും ന്യായവും ആചരിപ്പിൻ.**

### "യജമാനന്മാരേ, നിങ്ങൾക്കും സ്വർഗത്തിൽ ഒരു യജമാൻ ഉണ്ടെന്ന് അറിഞ്ഞ് ദാസന്മാരോട് നീതിയും ന്യായവും ആചരിപ്പിൻ" (4:1)

ഗ്രീക്ക് വാക്ക് *കുറിയോയി* ("യജമാനന്മാർ"; 3:22 നോക്കുക) തർജിമ ചെയ്തിരിക്കുന്നത് ബഹുവചനത്തിൽ **യജമാനന്മാർ** എന്നാണ്, എന്നാൽ യേശുവിനെ സൂചിപ്പിച്ച് പറയുമ്പോൾ "യജമാനൻ" എന്ന് ഏകവചനത്തിലാണ് പറയുന്നത് (1:3, 10; 2:6; 3:13, 17, 18, 20, 23, 24; 4:7, 17). പ്രാരംഭ ക്രിസ്ത്യാനികളധികവും ധനികരായിരുന്നില്ല. പലരും **ദാസന്മാരായിരുന്നു**. അതുകൊണ്ട്, കുറച്ച് പേർക്കു മാത്രമാണ് ദാസന്മാർ ഉണ്ടായിരുന്നത്. അതുകൊണ്ടായിരിക്കാം ദാസന്മാരെ സ്വന്തമാക്കിയ യജമാനന്മാരെ കുറിച്ച് അധികമൊന്നും പൗലൊസ് പറയാതിരുന്നത്.

ദാസന്മാർക്ക് രണ്ട് യജമാനന്മാരാണുള്ളത്, ഒന്നു ജഡപ്രകാരവും മറ്റൊന്നു സ്വർഗീയനും. ദാസന്മാരെ ഒരു വസ്തുവായി കണ്ടിരുന്നതിനാൽ, അവരുടെ യജമാനന്മാർ അവരെ മനുഷ്യരായിട്ടല്ല, മൃഗങ്ങളായിട്ടത്രെ കണക്കാക്കിയിരുന്നത്. അന്നത്തെ നിയമം ദാസന്മാർക്ക് അവകാശസംരക്ഷണങ്ങൾ ഉണ്ടായിരുന്നില്ല, എന്നാൽ യജമാനന്മാർക്ക് ഉടമസ്ഥാവകാശവും ശക്തിയും നൽകിയിരുന്നു.

ക്രിസ്തീയ യജമാനന്മാർ അവരുടെ ദാസന്മാരെ കരുതുകയും അവരോട് **നീതിയും ന്യായവും** പുലർത്തുകയും ചെയ്യണമായിരുന്നു. *ഡിക്കായിയോസ്* ("നീതി") എന്ന വാക്കിന്റെ വിവിധ രൂപങ്ങൾ തർജിമ ചെയ്തിരിക്കുന്നത് "നീതി" എന്നും (ഫിലി. 4:8), "നീതിമാൻ" എന്നുമാണ് (റോമർ 3:10). "ന്യായം" (*ഐസോടെസ്*) എന്ന വാക്ക് പുതിയ നിയമത്തിൽ വേറെ രണ്ട് പ്രാവശ്യം കൂടെ കാണുന്നു (2 കൊ. 8:13, 14), അവിടെ തർജിമ ചെയ്തിരിക്കുന്നത് ശരിയായ തുലനാവസ്ഥ കാണിക്കുവാൻ "തുല്യത" എന്നാണ്. ആ രണ്ട് വാക്കുകളെയും യോജിപ്പിക്കുന്നതിന് "ഉം" എന്നുപയോഗിച്ച് യജമാനന്മാർ ദാസന്മാരെ കരുതുകയും അവരോട് നീതിയും ന്യായവും കാണിക്കണമെന്ന് വ്യക്തമാക്കിയിരിക്കുന്നു. ദാസന്മാരെ സഹ മനുഷ്യരായും തുല്യരായും കാണണമെന്നായിരിക്കാം ഒരുപക്ഷെ പൗലൊസ് ഉദ്ദേശിച്ചത്. തീർച്ചയായും, അന്ന് ദാസന്മാരെ തുല്യരായി കാണുന്നതും, യജമാനന്മാർ തങ്ങളെ കരുതുന്നതുപോ

ലെ അവരുടെ ദാസന്മാരെ കാണുന്നതും അസാധാരണ സംഭവമായിരുന്നു. സ്വതന്ത്രന്മാർക്കുള്ള അവകാശവും സ്വാതന്ത്ര്യവും ദാസന്മാർക്ക് നൽകുന്നത് സാധാരണയായിരുന്നില്ല. എന്നിരുന്നാലും, ഈ ഹൃദയ സ്പർശിയായ യേശുവിന്റെ ഉപദേശം-ഒരാൾ തന്നോട് മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ അതുപോലെ പെരുമാറണം എന്നത് (മത്താ. 7:12)-യജമാനന്മാർക്കും പ്രായോഗികമാക്കിയിരിക്കുന്നു.

തങ്ങളുടെ ദാസന്മാരെ സ്വതന്ത്രരാക്കണം എന്ന് പൗലൊസ് യജമാനന്മാരോട് പ്രത്യേകമായി പറഞ്ഞില്ല. ആഭ്യന്തര നിയമം അതിന് ആവശ്യമില്ല. ക്രിസ്ത്യാനിത്വം അതിനെ എതിർത്തുമില്ല. എങ്ങനെയായാലും, പുളിച്ച മാവ് വർദ്ധിക്കുന്നതുപോലെ, ക്രിസ്തുവിന്റെ ഈ തത്വം സമൂഹത്തിൽ സ്വാധീനം ചെലുത്തി. ബാഹ്യമായ ശക്തിയോ പ്രക്ഷോഭമോ കൊണ്ടായിരുന്നില്ല ക്രിസ്തു ഈ മാറ്റം സമൂഹത്തിൽ വരുത്തുവാൻ ആഗ്രഹിച്ചത്. അവന്റെ വഴികൾ വിപ്ലവാത്മകമാണെങ്കിൽ, വ്യക്തികളുടെ ഉള്ളിൽ മാറ്റം ഉണ്ടാകുന്നനതിന്റെ ഫലമായി സമൂഹത്തിൽ മാറ്റം വരുത്തുന്നതായിരുന്നു അത്. മാനുഷിക പരിഗണനയോടെ യജമാനന്മാർ തങ്ങളുടെ ദാസന്മാരോട് പെരുമാറണം എന്നു യേശു പ്രോൽസാഹിപ്പിച്ച് ആവശ്യപ്പെട്ടപ്പോൾ, പല യജമാനന്മാരും തങ്ങളുടെ ദാസന്മാരെ സ്വതന്ത്രരാക്കിയിരുന്നു.

തങ്ങൾക്കും **സ്വർഗത്തിൽ ഒരു യജമാനൻ** ഉണ്ടെന്നു ദാസന്മാരുള്ള യജമാനന്മാർ മനസിലാക്കണമായിരുന്നു. ദാസന്മാർ തങ്ങളെ അനുസരിക്കുകയും പ്രസാദിപ്പിക്കുകയും വേണമെന്ന് ആഗ്രഹിക്കുന്നതുപോലെ, അവരും ക്രിസ്തുവിനെ അനുസരിക്കുകയും പ്രസാദിപ്പിക്കുകയും വേണമായിരുന്നു. ആ യജമാനന്മാർ തങ്ങളുടെ ദാസന്മാരുടെ സേവനം എപ്പോഴും ശ്രദ്ധിക്കുന്നതുപോലെ സ്വർഗസ്ഥനായ യജമാനൻ അവരെയും എപ്പോഴും ശ്രദ്ധിക്കുന്നുണ്ടെന്ന് തിരിച്ചറിയണം.

## കൂടുതൽ പഠനത്തിന്

### സ്ത്രീകൾ കീഴ്പ്പെട്ടിരിക്കണം എന്നത് ആചാരപരമോ?

ഭാര്യമാർക്ക് ഭർത്താക്കന്മാരോടുള്ള ബന്ധത്തിൽ, പലരും വിചാരിക്കുന്നത് പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ ആചാരമനുസരിച്ചോ അല്ലെങ്കിൽ ആചാരം തിരുത്തുവാനോ ആണ് ഭാര്യമാരോട് ഭർത്താക്കന്മാർക്ക് കീഴ്പ്പെടണം എന്ന് പറഞ്ഞത്, അതിനാൽ അത് ഇപ്പോൾ സ്വീകരിക്കേണ്ട എന്ന കാഴ്ച്ചപ്പാട് പലരും എടുക്കുന്നുണ്ട്. എങ്ങനെയായാലും, ആചാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല സ്ത്രീകളോട് ബൈബിൾ നിർദ്ദേശിക്കുന്നത്. മറ്റുള്ളവർക്ക് കീഴ്പ്പെടണം എന്നതിനെ കുറിച്ച് എഡ്വേർഡ് സ്ക്വീസർ എഴുതി, "ശരിയായി നോക്കിയാൽ, അതു മറ്റുള്ളവരോടല്ല, കർത്താവിനോടാണ് കീഴ്പ്പെടുന്നത് (കൊലൊ. 3:23). ആരംഭത്തിൽ അത് അഭിമുഖീകരിച്ചത് ഓരോ മാനുഷിക യജമാനനിൽനിന്നുള്ള സ്വാതന്ത്ര്യമായിരുന്നു."[7]

*ആരംഭത്തിൽ തിരുവെഴുത്ത് പ്രകടമാക്കി.* താഴെ കൊടുത്തിരിക്കുന്ന പൗലൊസിന്റേയും പത്രൊസിന്റേയും പ്രസ്താവനകൾ ശ്രദ്ധിക്കുക:

> എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, *സ്ത്രീയുടെ തല പുരുഷൻ*, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു

> ഞാൻ ആഗ്രഹിക്കുന്നു ... പുരുഷൻ സ്ത്രീയിൽനിന്നല്ലല്ലോ, *സ്ത്രീ പുരുഷനിൽനിന്നത്രെ* ഉണ്ടായത്; പുരുഷൻ സ്ത്രീക്കായിട്ടല്ല, *സ്ത്രീ പുരുഷനായിട്ടല്ലോ* സൃഷ്ടിക്കപ്പെട്ടത് (1 കൊ. 11:3, 8, 9; എംഫസിസ് ആഡഡ്).

> ന്യായപ്രമാണവും പറയുന്നതുപോലെ, *കീഴടങ്ങിയിരിപ്പാനല്ലാതെ* സംസാരിപ്പാൻ അവർക്ക് അനുവാദമില്ല (1 കൊ. 14:34; എംഫസിസ് ആഡഡ്).

> മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. *ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ*; ആദാമല്ല സ്ത്രീയത്രെ വഞ്ചിക്കപ്പെട്ടത് (1 തിമൊ. 2:12, 13; എംഫസിസ് ആഡഡ്).

> ഇങ്ങനെയല്ലോ *പണ്ട്* ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത് (1 പത്രൊ. 3:5; എംഫസിസ് ആഡഡ്).

ദൈവത്തിന്റെ സൃഷ്ടിപരമായ ക്രമത്തെ എടുത്തു കാണിച്ചു പൗലൊസ് എഴുതി, "സ്ത്രീയുടെ തല പുരുഷൻ"; "സ്ത്രീ പുരുഷനിൽനിന്നാണ് [ഉണ്ടായത്]"; "സ്ത്രീയെ പുരുഷന്നു വേണ്ടിയാണ് [നിർമ്മിച്ചത്]"; "ന്യായ പ്രമാണവും പറയുന്നതുപോലെ [സ്ത്രീകൾ] കീഴടങ്ങിയിരിക്കേണം" "ആദാം ... ആദ്യം സൃഷ്ടിക്കപ്പെട്ടു, പിന്നെ ഹവ്വ." "പണ്ടത്തെ" ദൈവഭക്തരായിരുന്ന സ്ത്രീകൾ ഇന്ന് ദൈവത്താൽ അംഗീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർക്ക് മാതൃകയാണ്.

ചിലർ ചോദിച്ചു "സ്ത്രീകൾ പുരുഷന്മാർക്ക് കീഴ്പ്പെട്ടിരിക്കണം എന്നു ന്യായപ്രമാണത്തിൽ എവിടെയാണ് പറഞ്ഞിരിക്കുന്നത്?" (1 കൊ. 14:34 നോക്കുക) കാരണം മോശെക്കു കൊടുത്തതായ കൽപനകളിലും ചട്ടങ്ങളിലും അവർ അതു കാണുന്നില്ല. ആ ചോദ്യത്തിന് താഴെ കൊടുത്തിരിക്കുന്ന ഉത്തരം നൽകാവുന്നതാണ്: പഴയ നിയമത്തിൽ ഉൾപ്പെടാത്ത കാര്യങ്ങളെ പറയുമ്പോഴും, പഴയ നിയമം മനസിലാക്കി കൊടുപ്പാൻ, യേശു "ന്യായപ്രമാണം" എന്ന വാക്ക് ഉപയോഗിച്ചിരുന്നു (സങ്കീ. 82:6, യോഹ. 10:34-ൽ ഉദ്ധരിച്ചത് നോക്കുക; സങ്കീ. 35:19, യോഹ. 15:25 ലും ഉദ്ധരിച്ചിരിക്കുന്നു). അതിലുപരിയായി, 1 കൊരിന്ത്യർ 14:21-ൽ, തന്റെ ഉപദേശത്തെ ന്യായപ്രമാണം പിന്തുണക്കുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു, യെശയ്യാവ് 28:11, 12 ഉദ്ധരിച്ചാണ് പറഞ്ഞത്. ഗലാത്യർ 4:21, 22-ൽ സാറയെയും ഹാഗാറിനേയും കുറിച്ചു പറയുമ്പോൾ, പൗലൊസ് ന്യായപ്രമാണത്തെ ഉദ്ധരിച്ചു. പൗലൊസ് ന്യായപ്രമാണം എന്നു പറഞ്ഞപ്പോൾ ദൈവം മോശെക്ക് കൊടുത്ത കൽപനകൾ മാത്രമെന്ന് ധരിക്കരുത്. വിസ്തൃതമായ അർത്ഥത്തിൽ ഉൽപത്തിയും ന്യായപ്രമാണത്തിന്റെ ഭാഗമായി പൗലൊസ് സൂചിപ്പിച്ചിരുന്നു. ആകയാൽ, അവൻ ഉചിതമായി, ന്യായപ്രമാണം പറയുന്നു, "അവൻ നിന്നെ ഭരിക്കും" (ഉല്. 3:16).

*പൗലൊസ് സ്ത്രീകൾക്ക് നൽകിയ നിർദ്ദേശങ്ങൾ ആചാരത്തിന് എതിരായിരുന്നു*. ക്രിസ്തീയ സ്ത്രീകൾക്ക് അവൻ നൽകിയ നിർദ്ദേശങ്ങൾ (1 കൊ.

14:34, 35; 1 തിമൊ. 2:11, 12) അവർ ജീവിച്ച സമൂഹത്തിലെ ആചാരങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളതായിരുന്നില്ല. ഗ്രീക്ക്-റോമാ സംസ്ക്കാരത്തിൽ, സ്ത്രീകൾ സമൂഹത്തിലെ നേതൃനിരയിലേക്ക് കടന്നിരുന്നു. പുതിയ നിയമ ലോകത്തിലെ സ്ത്രീകളുടെ നിലവാരത്തെ ചിത്രീകരിക്കുന്ന ഉദ്ധരണികളാണ് താഴെ കൊടുത്തിരിക്കുന്നത്:

> പുരുഷന്മാരെ പോലെ സ്ത്രീകളും പരസ്യമായി ഓഫീസുകളിൽ പുരുഷന്മാരോടൊപ്പം ജോലി ചെയ്തിരുന്നു എന്ന് വിശ്വസിക്കുന്നതിന് മതിയായ തെളിവുകൾ സൂചിപ്പിക്കുന്നുണ്ട്. രേഖപ്പെടുത്തിയ ഔദ്യോഗിക മെലെഴുത്തുകളിൽ സ്ത്രീകളുടെ പേരുകൾ എഴുതപ്പെട്ടത്-പൊതുവിൽ അവരുടെ സേവനം അംഗീകരിക്കപ്പെട്ടിരുന്നു-എന്നത് അവരുടെ ഉദാരതയെയും കാണിക്കുന്നു. അവർ ക്ഷേത്രങ്ങൾ നോക്കി നടത്തുകയും കായികമൽസരങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും, പ്രദക്ഷിണങ്ങളും യാഗങ്ങളും നടത്തുകയും ചെയ്തിരുന്നു.[8]

> അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർക്കിടയിൽ സ്ത്രീ പുരോഹിതമാരും അദ്ധ്യക്ഷമാരും ആയി, ഡയാനാ, ഐസിസ്, ലിവ്യാ, ഡയോനിസോസ്, ലിബെർ, ലിബെറാ അടക്കമുള്ള ക്ഷേത്രങ്ങളിൽ സ്ത്രീകൾ ജോലി ചെയ്തിരുന്നു. അവർ പൊതു ആരാധനകളിൽ സജീവമായി പങ്കെടുക്കുകയും, ഗാനങ്ങളും കവിതകളും രചിക്കുകയും, ക്ഷേത്രഭരണം നടത്തുകയും, മത സമ്പത്തുക്കൾ നോക്കുകയും, ആഘോഷങ്ങൾ സംഘടിപ്പിക്കുകയും, സംഗീതം വായിക്കുകയും, നിരവധി പേരെ ബാധിക്കുന്ന നേതൃത്വതീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു.[9]

> ... യവന കാലഘട്ടത്തിൽ പൊതുവിൽ സ്ത്രീ വിമോചന കാലമായിരുന്നു ... പൗലൊസിന്റെ കാലത്ത് [സ്] ത്രീകൾക്ക് സ്ത്രീ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക് അവസരം ഉണ്ടായിരുന്നു, വിവാഹം കഴിക്കുവാനും, വിവാഹ മോചനം നടത്തുവാനും ചില സ്ഥലങ്ങളിലും, ചില ആചാരങ്ങളിലും, പരസ്യമായി മതസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനും ... യവന സ്ത്രീകൾ മൂടുപടം ഉപേക്ഷിക്കുകയും അസംഖ്യം ആചാരശൈലികൾ പരീക്ഷിക്കുകയും ചെയ്തിരുന്നു.[10]

പ്രവൃത്തികളുടെ പുസ്തകത്തിൽ, സ്ത്രീകൾ പ്രവർത്തിച്ചിരുന്നത് ലൂക്കൊസ് രേഖപ്പെടുത്തിയത് സൂചിപ്പിക്കുന്നത് പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുവാൻ സമൂഹത്തിൽ സ്ത്രീകൾക്ക് സ്ഥാനമുണ്ടായിരുന്നു എന്നാണ്. പിസിദ്ദ്യയിലെ അന്ത്യോക്യയിൽ വെച്ച് ബർന്നബാസിനും പൗലൊസിനും എതിരായി ഉപദ്രവം അഴിച്ചുവിട്ടതിൽ "മാന്യ സ്ത്രീകളും" "പ്രധാനികളും" ഉൾപ്പെട്ടിരുന്നു (പ്രവൃ. 13:50), തെസലൊനിക്യയിൽ "മാന്യസ്ത്രീകൾ" ക്രിസ്ത്യാനികളായി മാറിയിരുന്നു (പ്രവൃ. 17:4).

സമൂഹം സ്ത്രീകൾക്ക് പ്രത്യേക പങ്കു നൽകിയാലും, ക്രിസ്തീയ സ്ത്രീകൾ ലോകത്തിന്റെ സ്വാധീനത്തെ സ്വീകരിക്കുവാൻ തിരുവെഴുത്ത് അനുവദിക്കുന്നില്ല (റോമർ 12:2). ആനുകാലികമായ ആചാരപരിശീലനങ്ങൾ എതിരാണെങ്കിൽ പോലും യേശുവിനെ അനുസരിക്കുക എന്നതാണ് അവ

രുടെ പങ്ക്. "സമൂഹം എന്നിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?" എന്ന് സ്ത്രീകൾ ചോദിക്കരുത്; എന്നാൽ "യേശു എന്നിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?" എന്നായിരിക്കണം സ്ത്രീകൾ ചോദിക്കേണ്ടത്.

## പ്രായോഗികത

### കുടുംബ ബന്ധങ്ങൾ

ഭർത്താവ് ഭാര്യയേയും, ഭാര്യ ഭർത്താവിനേയും, മക്കൾ അമ്മയപ്പന്മാരേയും സ്നേഹിക്കുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത് (എഫെ. 5:25; തിത്തൊ. 2:4). കുടുംബാംഗങ്ങൾ അന്യോന്യം സ്നേഹം വർദ്ധിപ്പിക്കണം–അത് പിതാവിനു പുത്രനോടുള്ള സ്നേഹം പോലെയും (യോഹ. 3:35; 5:20; 17:23, 24), പുത്രന് പിതാവിനോടുള്ളതു പോലെയും ആയിരിക്കണം (യോഹ. 14:31). യേശു തന്റെ അമ്മയപ്പന്മാരോട് ചേർന്ന് ഭൗമികരായ അമ്മയപ്പന്മാരോട് പ്രതികരിച്ചതുപോലെ വേണം മക്കൾ അവരുടെ അമ്മയപ്പന്മാരോട് പെരുമാറുവാൻ (ലൂക്കൊ. 2:51).

കുടംബത്തിലെ സ്നേഹം എപ്രകാരമായിരിക്കണം എന്ന് 1 കൊരിന്ത്യർ 13:4–8 ൽ വിവരിച്ചിരിക്കുന്നു. ഒരു വീട്ടിലെ ഓരോരുത്തരുടെയും ഉത്തരവാദിത്വം ഓർപ്പിക്കുന്ന ആ വിവരണം എല്ലാവരും കാണത്തക്കവണ്ണം ഒരു ആവരണമായി എഴുതി വെക്കുന്നത് നന്നായിരിക്കും. അന്യോന്യമുള്ള ബന്ധം അടിക്കടി ഓർക്കുവാൻ അത് സഹായിക്കും.

ദൈവം നമുക്ക് ആയി വെച്ചിരിക്കുന്ന പങ്ക് ഓരോരുത്തരും മനസിലാക്കുകയും അതിനെ ബഹുമാനിക്കയും വേണം. അങ്ങനെ നമ്മുടെ കുടുംബാംഗങ്ങളോടുള്ള ഉത്തരവാദിത്തം ഓർമ്മിക്കുവാൻ ഉപകരിക്കും. അവനവന്റേതല്ലാത്ത ഉത്തരവാദിത്തം ചെയ്യുമ്പോൾ മോശമായ സാഹചര്യം ഉടലെടുക്കും.

*കുടുംബത്തിൽ ഭർത്താവ് തലയായി ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്* (എഫെ. 5:23). കുടുംബത്തെ നയിക്കേണ്ടത് അവനായിരിക്കണം.പങ്ക് മാറുമ്പോൾ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.

*ഭാര്യമാർ തങ്ങളെത്തന്നെ അലങ്കരിച്ചു തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം,* അങ്ങനെയായിരുന്നു ദൈവഭക്തരായ ഭാര്യമാർ, സാറയടക്കം ജീവിച്ചിരുന്നത്.

> ഇങ്ങനെയല്ലൊ പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു; നന്മ ചെയ്ത് യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയി തീർന്നു (1 പത്രൊ. 3:5, 6).

ദൈവഭക്തയായ സ്ത്രീയെ കുറിച്ച് സദൃശവാക്യങ്ങൾ 31:10–31 ൽ വിവരിച്ചിരിക്കുന്നു. തന്റെ ഭർത്താവിനും മക്കൾക്കും വേണ്ടിയുള്ള അവളുടെ അദ്ധ്വാനത്തെയും കരുതലിനെയും ആ വേദഭാഗത്ത് വിവരിച്ചിരിക്കുന്നു.

*അമ്മയപ്പന്മാർ തങ്ങളുടെ മക്കൾക്ക് നല്ല മാതൃകയായിരിക്കണം*. നല്ലവരും മോശമായവരുമായ അമ്മയപ്പന്മാരുടെ മാതൃക ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. അബ്രഹാമിനെ നമുക്ക് നല്ല അപ്പന്റെ മാതൃകയായി എടുക്കാം. അവൻ

തന്റെ മക്കളെ കർത്താവിന്റെ വഴികൾ പഠിപ്പിച്ച് അവരെ അവൻ അനുഗ്രഹിക്കുമെന്നും ദൈവത്തിന് അറിയാമായിരുന്നു (ഉല്. 18:19).

*മക്കൾ തങ്ങളുടെ അമ്മയപ്പന്മാരെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യണമായിരുന്നു* (എഫെ. 6:1-3). അതാണ് ദൈവത്തിന്റെ പദ്ധതി. യിസ്രായേൽ രാജ്യത്തിലെ ദാവീദിന്റെ ഭവനത്തിൽ അബ്ശലോം അപ്പനെതിരെ മൽസരിക്കാതെ, ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എങ്കിൽ എല്ലാം ശുഭമായി തീരുമായിരുന്നു. മകന്റെ മൽസരം കാരണം ദാവീദിന് ജീവനുംകൊണ്ട് ഓടേണ്ടി വന്നു; എന്നാൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അബ്ശലോം പരാജയപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ഹൃദയം നുറുങ്ങിയ അപ്പനായ ദാവീദ് കരഞ്ഞു, "എന്റെ മകനേ, എന്റെ മകനേ, അബ്ശലോമേ, ഞാൻ നിനക്ക് പകരം മരിച്ചെങ്കിൽ കൊള്ളായിരുന്നു; അബ്ശലോമേ, എന്റെ മകനേ! എന്നിങ്ങനെ പറഞ്ഞു കരഞ്ഞുംകൊണ്ട് നടന്നു" (2 ശമു. 18:33).

ദൈവപദ്ധതിയിലെ പങ്കുകൾ ലംഘിക്കപ്പെടുമ്പോഴാണ് കുടുംബ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. കുടുംബത്തിനുവേണ്ടിയുള്ള ദൈവപദ്ധതിയെ പരിഷ്ക്കരിക്കുവാൻ നമുക്ക് സാധ്യമല്ല.

**ആഭ്യന്തര ബന്ധങ്ങൾ**

ആളുകൾ തമ്മിലുള്ള ആഭ്യന്തരബന്ധങ്ങളിലെ പെരുമാറ്റം ബഹുമാനപുരസരമാകുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്. ജോലിക്ക് നിയമിച്ചവരും ജോലിക്കാരും തമ്മിലും അതേ സാഹചര്യത്തിലും അന്യോന്യം പ്രായോഗികമാക്കാവുന്നതാണ് കൊലൊസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്ന യജമാന-ഭൃത്യ ബന്ധം.

*ഭൃത്യന്മാർ അവരുടെ യജമാനന്മാരെ അനുസരിക്കുകയും*, ഹൃദയത്തിന്റെ ഏകാഗ്രതയിൽ പ്രസാദിപ്പിക്കയും വേണം. കർത്താവിന്റെ ഭയത്തിലാണ് അവർ സേവിക്കേണ്ടത്. തന്റെ യജമാനനു നൽകുവാൻ കഴിയുന്നതിനേക്കാൾ ഏറ്റവും നല്ല പ്രതിഫലം ദൈവം നൽകുമെന്ന തിരിച്ചറിയലോടുകൂടെ വേണം അവർ പ്രവർത്തിക്കുവാൻ.

ഏലീശയുടെ ഭൃത്യൻ ഗേഹസി ഒരു ദിവസം തന്റെ സ്വന്തം ഇഷ്ടം ചെയ്യുവാൻ ശ്രമിക്കുന്നതുവരെ പ്രവാചകന്റെ ഇഛയായിരുന്നു നിറവേറ്റിയത്. പ്രവാചകൻ നയമാന്റെ കുഷ്ഠം ഭേദമാക്കിയപ്പോൾ അവൻ നയമാനിൽ നിന്നു സമ്മാനം സ്വീകരിക്കുവാൻ തയ്യാറായി.

"ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണെ, ഞാൻ ഒന്നും കൈക്കൊള്ളുകയില്ല" എന്ന് ഏലീശാ പറയുന്നത് ഗേഹസി കേട്ടു (2 രാജാ. 5:16). അങ്ങനെ ഏലീശായുടെ ഇഷ്ടത്തിനു വിരുദ്ധമായി നയമാന്റെ പിന്നാലെ ചെന്ന് സമ്മാനം അവനു ലഭിക്കുവാനായി അവൻ നയമാനോട് നുണ പറഞ്ഞു. അവന്റെ അത്യാഗ്രഹത്തിന്റേയും അനുസരണക്കേടിന്റേയും ഫലമായി നയമാന്റെ കുഷ്ഠം ഗേഹസിക്കു കിട്ടി (2 രാജാ. 5:27). തന്റെ യജമാനൻ ദൈവേഷ്ടം ലംഘിക്കാത്തേടത്തോളം ഭൃത്യൻ തന്റെ യജമാനന്റെ ഇഷ്ടമാണ് പ്രവർത്തിക്കേണ്ടത് (പ്രവൃ. 5:29).

ദാസന്മാർക്ക് നൽകിയ നിർദ്ദേശങ്ങൾ ഒരുപക്ഷെ മേലുദ്യോഗസ്ഥരേയും ബാധിച്ചേക്കാം. ഒരു ദിവസത്തെ വേതനത്തിനു നാം നന്നായി ജോലി ചെയ്യണം. നാം യേശുവിന് ആദരവു കൊടുക്കുന്ന വിധത്തിൽ പ്രവർത്തിക്കുമ്പോൾ അവന്റെ നാമത്തെ നാം ഒരിക്കലും നിന്ദിക്കുന്നില്ല.

ഹൈസ്ക്കൂളിൽ പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥി പ്രായമായവർ ജോലി ചെയ്യുന്ന ഒരു വെയർഹൗസിൽ ജോലിക്ക് ചേർന്നു. കുറച്ചു ജോലി മാത്രം ചെയ്താൽ മതി എന്നു കഠിനമായി ജോലി ചെയ്ത കുട്ടിയോട് പ്രായ മായവർ നിർദ്ദേശിച്ചു. പ്രായമായവർ ബോസ് വരുമ്പോൾ മാത്രം നന്നായി ജോലി ചെയ്യുകയും അല്ലാത്ത സമയത്ത് വളരെ കുറച്ചു മാത്രം ജോലി ചെയ്തുകൊണ്ടിരുന്നു. പ്രായമായവരുടെ നിർദ്ദേശപ്രകാരം കുറച്ചു ജോലി ചെയ്യുവാൻ തുടങ്ങിയപ്പോൾ അവന്റെ മനസിനെ അത് വല്ലാതെ അലോസര പ്പെടുത്തുവാൻ തുടങ്ങി. ഒരു ദിവസം ഉച്ചക്കുള്ള വിശ്രമ സമയത്ത് ബൈബിൾ എടുത്ത് വായിച്ചപ്പോൾ അവൻ വായിച്ച വേദഭാഗം കൊലൊസ്യർ 3:23 ആയി രുന്നു. താൻ ജോലി ചെയ്യുന്നത് യേശുവിനു വേണ്ടിയാണെന്ന തോന്നലിൽ പിന്നെ അവൻ കഠിനാദ്ധ്വാനം ചെയ്യുവാൻ തുടങ്ങി. ബോസിന് ഒരിക്കൽ തനിക്ക് ഒരു സഹായിയെ നിയമിക്കണമെന്ന് തോന്നി. അയാൾ പ്രായമായ വരെ ഗൗനിക്കാതെ ആ യുവ വിദ്യാർത്ഥിയെയാണ് നിയമിച്ചത്.

ഒരു പട്ടണത്തിൽ സുവിശേഷയോഗം നടത്തിയപ്പോൾ സുവിശേഷകനോ ട് പ്രതികരിച്ചത് ഒരാൾ മാത്രമായിരുന്നു. അത് ഒരു സ്ത്രീയായിരുന്നു, അവൾ മുൻപോട്ട് വന്നു സ്നാനം ഏറ്റു. അവൾ ആ സമൂഹത്തിലെ ഒരു മാന്യ സ്ത്രീ ആയിരുന്നു. തന്റെ പ്രസംഗത്തിലെ ഏതു ഭാഗമായിരിക്കും അവർ മനസി ലാക്കി സ്നാനം ഏൽക്കുവാനായി തീരുമാനിച്ചത് എന്നറിയുവാനായി പ്രാ സംഗികൻ അവരോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞത് "നിങ്ങളുടെ പ്ര സംഗത്തിലെ ഭാഗമല്ല, മറിച്ച് എന്റെ അടുത്തിരുന്ന ഒരു സ്ത്രീയെ നിങ്ങൾ ശ്രദ്ധിച്ചിരുന്നോ? അവളുടെ ആത്മാർത്ഥമായ ജോലിയും പെരുമാറ്റവുമാണ് സുവിശേഷം അനുസരിക്കുവാൻ എനിക്ക് പ്രേരണയായത്." ഞാൻ അവളുടെ വിശ്വാസത്തെ കുറിച്ചും, മതപരമായ ആരാധനയെ കുറിച്ചുമെല്ലാം ചോദിച്ചു മനസിലാക്കിയിരുന്നു. അവൾ പറഞ്ഞു, "എന്റെ വീട് വൃത്തിയാക്കുവാൻ വരുന്ന സ്ത്രീയാണ് അവൾ. അവൾ എന്തുകൊണ്ട് യേശുവിൽ വിശ്വസി ക്കുന്നു എന്നും എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ അംഗമായി എന്നും എന്നോട് പറഞ്ഞു."

*യജമാനന്മാർ തങ്ങളുടെ സ്വർഗീയ യജമാനനായ യേശുവിനെ ബഹുമാനി ക്കണം.* അവർ തങ്ങളുടെ ദാസന്മാരോട് മാന്യമായി പെരുമാറണം. സഭയിൽ ജോലി ചെയ്യുന്നവർക്കും ഇത് ബാധകമാണ്. ബോസ്മാരും ജോലിക്കാരോട് അങ്ങനെ നന്നായി പെരുമാറണം. ജോലിക്ക് നിയമിച്ചവരോട് ജോലിക്കാർ എങ്ങനെ പെരുമാറണമെന്ന് അവർ വിചാരിക്കുന്നുവോ അങ്ങനെ തന്നെ അവർ ജോലിക്കാരോട് പെരുമാറണം (മത്താ. 7:12).

**ശരിയായ ബന്ധങ്ങൾ വളർത്തൽ**

ദൈവത്തോടുള്ള ബന്ധമാണ് നമ്മുടെ ആദ്യത്തെ ഉത്തരവാദിത്തം. മറ്റു ള്ളവരോടുള്ള നമ്മുടെ ഉത്തരവാദിത്തം രണ്ടാമതായിട്ടാണ് വരുന്നത്. എല്ലാ ബന്ധങ്ങളും സ്നേഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അതിൽ ദൈവ ത്തോടുള്ളതും, സഹക്രിസ്ത്യാനികളോടും, അയൽക്കാരോടും, ശത്രുക്ക ളോടും ഉള്ളതും ഉൾപ്പെടുന്നു. നമ്മുടെ എല്ലാ ബന്ധങ്ങളും സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ കെട്ടപ്പെടുകയാണെങ്കിൽ അന്യോന്യമുള്ള പല പ്രശ്ന ങ്ങളും നമുക്ക് പരിഹരിക്കുവാൻ കഴിയും.

ക്രിസ്ത്യാനികൾ മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളെ മനസി

ലാക്കി, ബഹുമാനിച്ച് ബന്ധങ്ങളിലുള്ള ചുമതലകൾ നിർവ്വഹിക്കണം. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾക്ക് അന്യോന്യം ഉത്തരവാദിത്തമുണ്ട്. സഭയിൽ ഓരോ അംഗത്തിനും നിറവേറ്റുവാനായി ഒരു പങ്ക് ഉണ്ട്.

*ഭർത്താക്കന്മാരും ഭാര്യമാരും* (3:18, 19). ഭാര്യ തന്റെ ഭർത്താവിന്നു കീഴ്പ്പെട്ടിരിക്കണം-അത് ശക്തിയാൽ അവരെ കീഴ്പ്പെടുത്തുവാൻ കഴിയും എന്നതു കൊണ്ടല്ല, മറിച്ച് കർത്താവിന്റെ ഇഷ്ടപ്രകാരം സ്വയമായി കീഴ്പ്പെടുവാൻ മനസ് കാണിക്കുന്നതിനാലാണ്. ഒരു സ്ത്രീ തന്റെ ഭർത്താവിനെ കുറ്റപ്പെടുത്തി ഭരിക്കുവാനോ മാനസികമായി പീഡിപ്പിക്കുവാനോ പാടില്ല. അത് ഭൗതികമായി വിനാശകരമായി തീരും. പൊതുവായി പറഞ്ഞാൽ സ്ത്രീകൾ അവരുടെ സൗന്ദര്യത്താൽ പുരുഷനെ ആകർഷിക്കണം, പുരുഷൻ തന്റെ കരുതലിനാലും സ്നേഹത്താലും സ്ത്രീയെ ആകർഷിക്കണം. ഈ ഗുണങ്ങൾ മറ്റൊരാൾക്ക് എതിരായി ഉപയോഗിക്കരുത്.

ഭാര്യമാരെ നിർബ്ബന്ധിച്ചോ അടിച്ചോ കീഴ്പ്പെടുത്തുകയല്ല വേണ്ടത്. പകരം അവരെ അഗാധമായി സ്നേഹിച്ചുകൊണ്ടാണ് കീഴ്പ്പെടുത്തേണ്ടത് (എഫെ. 5:25). രണ്ടോ മൂന്നോ പേരുള്ള ഏതൊരു കൂട്ടത്തിനും ആരെങ്കിലും നേതൃത്വത്തിൽ വരണം; രണ്ട് പേർക്ക് ഒരേ സമയത്ത് ലീഡർ ആകുവാൻ സാധ്യമല്ല. ദൈവത്തിന്റെ ഏർപ്പാടാണ് എപ്പോഴും നല്ലത്.

*അമ്മയപ്പന്മാരും മക്കളും* (3:20, 21). മക്കൾ അധികാരത്തെ മാനിക്കാതെ വരുമ്പോൾ, പ്രത്യേകിച്ച് മാതാപിതാക്കളുടെ അധികാരത്തെ മാനിക്കാതെ ഇരിക്കുമ്പോൾ, സമൂഹം തരം താഴ്ന്നു പോകും. അനുസരണം പഠിച്ച മക്കളെ ആശ്രയിച്ചാണ് സഭയുടെ ഭാവി നിലകൊള്ളുന്നത്. അതുകൊണ്ടാണ് മൂപ്പന്മാർക്ക് ബഹുമാനവും അനുസരണവുമുള്ള മക്കൾ വേണമെന്ന് പറഞ്ഞിരിക്കുന്നത് (1 തിമൊ. 3:4, 5).

കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ വലിയ ശിക്ഷ നൽകി വളർത്തണമെന്ന് ചില അപ്പന്മാർക്ക് തോന്നിയേക്കാം. അവരുടെ കോപവും അമിതമായ ശബ്ദം ഉയർത്തലും കുട്ടികളിൽ ഭീതി ഉയർത്തിയേക്കാം. കയ്യൂക്കു കാണിച്ച് കൂട്ടികളിൽനിന്ന് അമിതമായ പ്രതീക്ഷ ആവശ്യപ്പെടുന്നതോ അവർ പോരാ എന്നോ പ്രാധാന്യമില്ലാത്തവരോ എന്ന ചിന്ത അവരിലുണർത്തുവാൻ ഇടയാക്കും. അങ്ങനെ സംഭവിക്കുന്നതിനു പകരം, അപ്പന്മാർ മക്കളിൽ ആത്മവിശ്വാസവും ധൈര്യവും പകർന്നുകൊടുക്കണം, അങ്ങനെ അവരുടെ അപ്പന്മാർക്ക് എന്തും ചെയ്യുവാൻ കഴിയും എന്ന തോന്നൽ അവരിൽ ജനിപ്പിക്കും. വിലയുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ മക്കൾക്ക് കഴിയും എന്ന വിശ്വാസം മക്കളിൽ ഉണ്ടാകുന്ന വിധത്തിൽ വേണം അവർ മക്കളെ സഹായിക്കുവാൻ.

*യജമാനന്മാരും ദാസന്മാരും* (3:22-4:1). ക്രിസ്തുവിലായാൽ വ്യക്തികൾ തമ്മിൽ വ്യത്യാസമില്ല, കാരണം ആത്മിയമായി എല്ലാവരും തുല്യരാണ് (ഗലാ. 3:28). പരിവർത്തനം ചെയ്ത ദാസന്മാർ ക്രിസ്തുവിൽ സ്വതന്ത്രരായി തീർന്നു. അവർ ആത്മിയമായി യജമാനന്മാർക്കു തുല്യരായെങ്കിലും, അപ്പോഴും അവർക്ക് യജമാനന്മാരോട് കടമയുണ്ട്. വലിയ സമർപ്പണത്തോടുകൂടെ അവർ തുടർന്നും സേവിക്കുവാനാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. യേശുവിന്ന് എന്നപോലെയായിരിക്കണം അവരുടെ സേവനം. അന്തിമവും വലുതുമായ പ്രതിഫലം കർത്താവ് തരുമെന്നോർത്ത് വേണം ജോലി ചെയ്യുന്ന ആൾ മേലുദ്യോഗസ്ഥനെ സേവിക്കുവാൻ. മനുഷ്യശരീരത്തിലായിരിക്കുമ്പോൾ നാം ചെയ്യുന്ന ഓരോ പ്രവൃത്തിക്കും യേശുവിനോട് കണക്കു കൊടുക്കണം

(2 കൊ. 5:10).

ദാസന്മാരോട് ന്യായം പ്രവർത്തിച്ച് അവരെ ബഹുമാനിക്കുവാനാണ് യജമാനന്മാരോട് പറഞ്ഞിരിക്കുന്നത്, കാരണം സ്വർഗത്തിൽ അവർക്കും ഒരു യജമാനൻ ഉണ്ടെന്ന ഓർമ്മയിൽ വേണം അവർ തങ്ങളുടെ ദാസന്മാരോട് പെരുമാറുവാൻ. ക്രിസ്തുവിന്റെ മനോഭാവം വളർത്തിയെടുക്കുന്ന യജമാനന്മാർ തങ്ങളുടെ ദാസന്മാരെ സ്നേഹിക്കുകയും ചിലപ്പോൾ അവരെ സ്വതന്ത്രരാക്കുകയും ചെയ്യും. ചില ദാസന്മാർ യജമാനന്മാരോടു കൂടുതൽ അടുത്തതിനാൽ, സ്വതന്ത്രരാക്കിയാലും, വിട്ടുപിരിയുവാൻ മനസില്ലാതെ അവരോടൊപ്പം തന്നെ നിൽക്കുവാൻ താൽപര്യപ്പെട്ടവരും ഉണ്ടായിരുന്നു. അധികാരസ്ഥാനത്തുള്ള ഏതൊരാളും കൈകാര്യം ചെയ്യുവാൻ യേശുവിനെയാണ് മാതൃകയാക്കേണ്ടത്.

---

കുറിപ്പുകൾ

[1]കെട്ടിമറിഞ്ഞു കിടക്കുന്ന ആളുകളെയാണ് കൊലൊസ്യരുടെ ഈ ഭാഗത്ത് കാണുന്നത്. ഡേവിഡ് എം. ഹേ നിരീക്ഷിച്ചു, "സ്ത്രീകൾ ക്രമേണ ഭാര്യമാരും, അമ്മമാരും, [പെൺമക്കളും] ദാസിമാരുള്ള യജമാനത്തികളും ആയേക്കാം. പുരുഷന്മാർ ഭർത്താക്കന്മാരും, ആൺമക്കളും, ദാസന്മാരുള്ള യജമാനന്മാരും ആയിരിക്കും. ഒരേ വ്യക്തി ഒരു ബന്ധത്തിൽ ഉയർന്ന ആളും മറ്റൊരു ബന്ധത്തിൽ കുറഞ്ഞ ആളും ആയിരിക്കും." (ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്*, അബിങ്ഡൺ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് [നാഷ്‌വിലേ: അബിങ്ഡൺ പ്രസ്, 2000], 140). [2]റോബർട്ട് ജി.ബ്രാച്ചർ ആന്റ് യൂജിൻ *ഏ. ട്രാൻസ്ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ പോൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യുയോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 92. [3]പീറ്റർ ടി. ഓബ്രിയെൻ, *കൊലൊഷ്യൻസ്, ഫിലെമോൻ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 44 (വാക്കോ, ടെക്സ്: വേർഡ് ബുക്സ്, 1982), 224. [4]കൂടാതെ നോക്കുക, മത്താ. 4:4; റോമർ. 7:17; 1 കൊ. 1:17; 1 തിമൊ. 4:12; 1 പത്രൊ. 3:3, 4. [5]ഈ. കെ. സിംസൺ ആന്റ് എഫ്. എഫ്.ബ്രൂസ്, *കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 294. [6]നോക്കുക, മത്താ. 26:20; മർ. 14:17; ലൂക്കൊ. 22:14; യോഹ. 13:2, 4. [7]എഡ്വേർഡ് സ്ക്വീസർ, *ദ ലെറ്റർ ടു ദ കൊലൊഷ്യൻസ്: ഏ കമെന്ററി,* ട്രാൻസ്. ആൻഡ്ര്യു ചെസ്റ്റർ (സൂറീച്ച്: ബെൻസിഗെർ വെർലാഗ്, 1976; റീപ്രിന്റ്, മിന്നെപ്പൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982), 219. [8]റോസ് ഷെപേർഡ് ക്രീമെർ ആന്റ് മേരി റോസ് ഡി'ആഞ്ചെലോ, *വിമെൻ ആന്റ് ക്രിസ്ത്യൻ ഒറിജിൻസ്* (ന്യയോർക്ക്: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1999), 86. [9]വലേരി എ. അബ്രഹാംസെൻ, *വിമെൻ ആന്റ് വർഷിപ് അറ്റ് ഫിലിപ്പൈ: ഡയാനാ/അർത്തമിസ് ആന്റ് അദർ കൾട്സ് ഇൻ ദ ഏർലി ക്രിസ്ത്യൻ ഈറാ* (പോർട്ലാന്റ്, മെയിനെ: ആസ്റ്റാർട്ടെ ഷെൽ പ്രസ്, 1995), 194. [10]വില്യം ബെയിഡ്, *ദ കൊരിന്ത്യൻ ചർച്ച്-ഏ ബിബിളിക്കൽ അപ്റോച്ച് ടു അർബൻ കൾച്ചർ* (ന്യുയോർക്ക്: അബിങ്ഡൺ പ്രസ്, 1964), 121–22.

### 3:18–4:1 ലെ ബന്ധങ്ങൾക്കുള്ള മാർഗ നിർദ്ദേശങ്ങൾ[1]

| വാക്യങ്ങൾ | ആരോട് പറഞ്ഞു | നിർദ്ദേശങ്ങൾ | വിവരണം |
|---|---|---|---|
| 3:18 | ഭാര്യമാരോട് | ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിപ്പിൻ | കർത്താവിന്നു ഉചിതമാംവണ്ണം |
| 3:19 | ഭർത്താക്കന്മാരോട് | നിങ്ങളുടെ ഭാര്യ മാരെ സ്നേഹിപ്പിൻ | |
| 3:20 | മക്കളോട് | അമ്മയപ്പന്മാരെ അനുസരിപ്പിൻ | അത് കർത്താവിന്നു പ്രസാദകരമല്ലൊ |
| 3:21 | അപ്പന്മാരോട് | നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത് | അധൈര്യപ്പെടാ തിരിപ്പാൻ |
| 3:22–25 | ദാസന്മാരോട് | നിങ്ങളുടെ യജമാന ന്മാരെ അനുസരിപ്പിൻ | ദൃഷ്ടിസേവയാലും മനുഷ്യരെ പ്രസാദിപ്പി ക്കുന്നവരുമായിട്ടല്ല, ഹൃദയത്തിന്റെ ഏകാ ഗ്രതയിൽ കർത്താവി നെ ഭയന്ന് മനുഷ്യർ ക്കെന്നപോലെ അല്ല കാർത്താവിന് എന്ന പോലെ സേവിപ്പിൻ |
| 4:1 | യജമാനന്മാരോട് | ദാസന്മാരോട് നീതിയോടും ന്യായത്തോടും ഇടപെടുവിൻ | നിങ്ങൾക്കും സ്വർഗ ത്തിൽ യജമാനൻ ഉണ്ട് |

[1]കൂടാതെ നോക്കുക, എഫെ. 5:22–6:9; തിത്തൊ. 2:2–10; 1 പത്രൊ. 2:13–3:7.